# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടവന്നൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ -പികെഡി19/891/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 12/04/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവന്നൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടവന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ -പികെഡി19/891/2020 തീയ്യതി: 12/04/2021

## പാലക്കാട് ജില്ലയിലെ വടവന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടവന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-11-2019 മുതൽ 05-07-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീശൻ. എൻ | ഡെപ്യൂട്ടി ഡയറക്ടർ | 06-07-2020 | 17-07-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-07-2020 | 17-07-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ
ശ്രീ.ഐ.സുലൈമാൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.എൻ.വി.കൃഷ്ണദാസ്, ഓഡിറ്റർ

ശ്രീ.ആർ.രഞ്ജിത്, ഓഡിറ്റർ
ശ്രീ.കെ.രാജൻ, ഓഡിറ്റർ ട്രെയിനി

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സൈരന്ധ്രി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. മഞ്ജു. എസ് (അസി. സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ. ഉണ്ണികൃഷ്ണൻ പിള്ള. പി.ആർ | സെക്രട്ടറി | 25-04-2019 | 14-05-2019 |
| ശ്രീ. ഉണ്ണികൃഷ്ണൻ പിള്ള. പി.ആർ | സെക്രട്ടറി | 20-05-2019 | 13-10-2019 |
| ശ്രീ. ഉണ്ണികൃഷ്ണൻ പിള്ള. പി.ആർ | സെക്രട്ടറി | 28-10-2019 | 24-03-2020 |
| ശ്രീ. ഇ.വി. ഗിരീഷ് (അഡീ.ചാർജ്ജ്) | സെക്രട്ടറി | 15-05-2019 | 19-05-2020 |
| ശ്രീ. ബി. ശ്രീകുമാർ (അസി. സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-10-2019 | 27-10-2019 |
| ശ്രീ. ബി. ശ്രീകുമാർ (അസി. സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-03-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷമിത.പി | അസി.എഞ്ചിനിയർ | 01-04-2019 | 23-07-2019 |
| ശ്രീ.വൈ.ഷെരീഫ് | അസി.എഞ്ചിനിയർ | 24-07-2019 | 31-03-2020 |
| ശ്രീമതി.മഞ്ജു.എസ് | അസി.സെക്രട്ടറി | 01-04-2019 | 27-04-2019 |
| ശ്രീ.ബി.ശ്രീകുമാർ | അസി.സെക്രട്ടറി | 20-08-2019 | 31-03-2020 |
| ശ്രീ.ദിലീപ് കുമാർ | കൃഷി ഓഫീസർ | 13-11-2019 | 25-11-2019 |
| ശ്രീ.ബഷീർ അഹമ്മദ് | കൃഷി ഓഫീസർ | 26-11-2019 | 31-03-2020 |
| ശ്രീമതി.ഷീബ.സി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ഡോ.ഡാലി.സി.ഡേവിസ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ലിസി ജോസഫ് | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രമീള.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 06-01-2020 |
| ഒഴിവ് | അസി. സെക്രട്ടറി | 28-04-2019 | 19-08-2019 |
| ശ്രീമതി. അഞ്ജലി ദിവാകരൻ | കൃഷി ഓഫീസർ | 01-04-2019 | 12-11-2019 |
| ഡോ. ഷഹന. എസ്. ആർ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.സുഭാഷ് സുബിൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ. റമീക് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-02-2020 | 31-03-2020 |
| ശ്രീമതി. നാൻസി.കെ.വർഗ്ഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സിനിമോൾ. കെ.ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 07-01-2020 | 31-03-2020 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.S.Santhosh (Audit Officer, On 18-03-2021) | 1-1 |
| 2 | ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 08-04-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-2 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-4 |
| 6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: C.S.Santhosh (Audit Officer, On 18-03-2021)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 19-03-2021)<br>Last Updated By: C.S.Santhosh (Audit Officer, On 19-03-2021) | 1-8 |
| 10 | വസ്തു നികുതി നിർണ്ണയം, പിരിവ് - നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 19-03-2021)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-9 |
| 11 | ഘടനാപരമായി മാറ്റം വന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-9-1 |
| 12 | 'ഫ്രണ്ട്സ് ഭവൻ' കല്യാണമണ്ഡപത്തിന് യു.എ നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചതിൽ അവ്യക്തത<br>Written By: C.S.Santhosh (Audit Officer, On 19-03-2021)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-9-2 |
| 13 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 19-03-2021)<br>Last Updated By: C.P.Karthikeyan (Computer Assistant, On 08-04-2021) | 1-10 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-10-1 |
| 15 | കള്ള്ഷാപ്പ്, റേഷൻ കടകൾ എന്നിവയുടെ തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 19-03-2021)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-10-2 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക | 1-11 |

| | | |
|---|---|---|
| | പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 08-04-2021) | |
| 17 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതിനാൽ ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-12 |
| 18 | ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-13 |
| 19 | വാഹന ഉപയോഗത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-14 |
| 20 | ലോക് സഭാ ഇലക്ഷൻ - വാഹന വാടക നല്കിയത് അംഗീകരിക്കുന്നില്ല<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-15 |
| 21 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടില്ല - തുടർനടപടികൾ ആവശ്യപ്പെടുന്നു<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-16 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - തുടർ നടപടികൾ ആവശ്യപ്പെടുന്നു<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-17 |
| 23 | എം.ജി.ആർ കമ്യൂണിറ്റി ഹാളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് - COSTFORD ന് പ്രവൃത്തി നേരിട്ട് ഏൽപ്പിച്ചപ്പോൾ അർഹതയും രേഖകളുടെ കൃത്യതയും ഉറപ്പാക്കിയില്ല<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-18 |
| 24 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - അവലോകനം<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 08-04-2021) | 1-19 |
| 25 | മരാമത്ത് പ്രവൃത്തിയുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-20 |
| 26 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-21 |
| 27 | ഇറിഗേഷൻ വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കാതെ വാട്ടയാർ എസ്.സി കോളനി നവീകരണ പദ്ധതി | 1-22 |

| | | |
|---|---|---|
| | ആവിഷ്കരിച്ചു<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | |
| 28 | പൊളിച്ചു മാറ്റിയ ഉരുപ്പടികൾ ഗ്രാമപഞ്ചായത്തിന് തിരികെ ഏൽപ്പിക്കുകയോ കയ്യൊഴിക്കുകയോ ചെയ്തില്ല<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-23 |
| 29 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകൽ- പിഴ കണക്കാക്കിയതിലെ അപാകത പരിഹരിക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-24 |
| 30 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-25 |
| 31 | എട്ടാം തരം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ പദ്ധതി- സമാഹരണ നടപടിക്രമങ്ങളിൽ അപാകതകൾ<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-26 |
| 32 | വൃദ്ധർക്ക് കട്ടിൽ പദ്ധതി- വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-27 |
| 33 | ലൈഫ് മിഷൻ ഭവന പദ്ധതി<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-28 |
| 34 | ലൈഫ് ഭവന നിർമ്മാണ സാമഗ്രികളുടെ വനിതാ നിർമ്മാണ യൂണിറ്റ് - ബ്ലോക്ക് വിഹിതമിനത്തിൽ ലഭ്യമായ 600000/- രൂപ ചെലവഴിച്ചിട്ടില്ല<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-29 |
| 35 | ബാലസഭ പദ്ധതി- ബാലസഭയുടെ പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയില്ല<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 1-30 |
| 36 | പെൺകുട്ടികൾക്ക് തയ്കോണ്ടോ പരിശീലനം- പദ്ധതി മാർഗ്ഗരേഖാ ലംഘനം<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 08-04-2021) | 1-31 |
| 37 | പാലിയേറ്റീവ് കെയർ- അവലോകനം<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 08-04-2021) | 1-32 |
| | **ഭാഗം 2** | |
| 1 | ഘടനാപരമായി മാറ്റം വന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 2-1 |
| | **ഭാഗം 3** | |
| 1 | | 3-1 |

| | | |
|---|---|---|
| | മരാമത്ത് പ്രവൃത്തിയുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | |
| 2 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ മതിയായ പിഴ ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 3-2 |
| 3 | ലോക്സഭാ ഇലക്ഷൻ - വാഹന വാടക നല്കിയത് അംഗീകരിക്കുന്നില്ല<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 08-04-2021) | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര് യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 08-04-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer)<br>Last Updated By: C.P.Karthikeyan (Computer Assistant, On 31-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | COPY OF RECEIPT & PAYMENT STATEMENT-ABSTRACT |
| 3 | COPY OF BALANCE SHEET AS ON 31.03.2020-ABSTRACT |
| 4 | COPY OF INCOME & EXPENDITURE STATEMENT-ABSTRACT |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

7-3-2019 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 157070781 രൂപയും പ്രതീക്ഷിത ചെലവ് 154293500 രൂപയുമാണ്.

ബജറ്റ് രേഖകൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ തുടർന്ന് ചേർക്കുന്നു.

### 1-1-1 ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

**എ. ബജറ്റ് നടപടിക്രമങ്ങൾ**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതും സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് ബജറ്റ് പാസാക്കേണ്ടതുമാണ്. സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായാണ് വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടത്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച പാലിക്കേണ്ട സമയക്രമവും ബജറ്റ് പ്രക്രിയ എപ്രകാരമായിരിക്കണമെന്നതും സ.ഉ (സാധാ) നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിൽ വിശദമാക്കിയിട്ടുണ്ട്.

ബജറ്റ് രേഖകളും മിനിറ്റ്സുകളും പരിശോധിച്ചതിൽ പദ്ധതിയേതര നിർദ്ദേശങ്ങൾക്കായി ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർത്തതായി കാണുന്നില്ല. 07.12.2018 -ന് ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 6-ാം നമ്പർ തീരുമാനം പ്രകാരം ഘടക സ്ഥാപന മേധാവികളോട് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 16.01.2019 -ൽ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. ബജറ്റ് പ്രപ്പോസലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസം, ക്ഷേമകാര്യം, വികസനകാര്യം തുടങ്ങിയ സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അന്തിമമാക്കിയതായി സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

07.02.2019 -ന് ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം കരട് ബജറ്റ് അന്തിമമാക്കി ഭരണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും 07.03.2019 -ന് ചേർന്ന ഭരണസമിതി യോഗം ബജറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബജറ്റ് നടപടിക്രമങ്ങളും സമയക്രമവും പൂർണ്ണമായി പാലിച്ചിട്ടില്ലെന്ന് കാണുന്നു.

**ബജറ്റ് സംക്ഷിപ്തം**

| | |
|---|---:|
| പ്രരംഭ ബാക്കി | 82,13,781.00 |
| പ്രതീക്ഷിത വരവ് | 14,88,57,000.00 |
| ആകെ വരവ് | 15,70,70,781.00 |
| പ്രതീക്ഷിത ചെലവ് | 15,42,93,500.00 |
| നീക്കിയിരിപ്പ് | 27,77,281.00 |

**വരുമാനം വർദ്ധനവിനായി സ്വീകരിച്ച നടപടികൾ**

തനത് ഫണ്ട് ശുഷ്കമായ പഞ്ചായത്തിലെ നികുതി പിരിവ് പുരോഗതി സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും പുതിയ വരവിനങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രായോഗിക വിശകലനങ്ങൾ നടന്നിട്ടില്ലെന്ന് കാണുന്നു. ഗ്രാമപഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങളെ അടിസ്ഥാനമാക്കി സേവന ഉപനികുതി ഈടാക്കുന്നത് ഉൾപ്പെടെയുള്ള സാധ്യത പരിശോധിച്ചതായി കാണുന്നില്ല. സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടേയും വാടക ഇനത്തിൽ 1,00,000/- രൂപ ബജറ്റിൽ പ്രതീക്ഷിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കുകൾ പ്രകാരം ഈ ഇനത്തിൽ വരവുള്ളതായി കാണുന്നില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ തൻവർഷം ഒഴിഞ്ഞ് കിടക്കുന്ന അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. പഞ്ചായത്ത് വക ഓഡിറ്റോറിയത്തിന്റെ വാടക കാലാനുസൃതമായി പരിഷ്കരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികളുണ്ടായിട്ടില്ല. കൂടാതെ വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ചർച്ചകളും ഉണ്ടായിട്ടില്ല.

ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിന്റെ കാരണവും വരവ് വർദ്ധനവിന് സ്വീകരിച്ച നടപടികളും വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.22/16.07.2020 ന് അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നതാണെന്നും തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ബജറ്റ് മാന്വൽ പ്രകാരം നിശ്ചയിച്ച നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കേണ്ടതും തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 1-7-2020 | - | - |

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9013906 | 9013906 | 8912296 | 101610 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10608176 | 10608176 | 6326251 | 4281925 | |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11993604 | 7950960 | 4042644 | 3908316 | |
| മെയ്ന്റനൻസ് ഗ്രാന്റ് – റോഡ് | 0 | 13181000 | 13181000 | 5401603 | 7779397 | |
| മെയ്ന്റനൻസ് ഗ്രാന്റ് – റോഡിതരം | 0 | 3251000 | 3251000 | 3185941 | 65059 | |

<u>സംസ്ഥാനാവിഷ്കൃത ഫണ്ട്</u>

<u>തനത് ഫണ്ടിൽ ഉൾപ്പെടുന്ന തുക</u>

| | | | | | |
|---|---|---|---|---|---|
| ICDS | 708950 | 585714 | 1294664 | 696346 | 598318 |

<u>സംസ്ഥാനാവിഷ്കൃത ഫണ്ട്</u>

<u>ശുചിത്വമിഷൻ</u>

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1904791 | ൦ | 1904791 | 1068000 | 836791 |

കേന്ദ്രാവിഷ്കൃത ഫണ്ട്
1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS | 708950 | 585714 | 1294664 | 696346 | 598318 |

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 44178 | 1879808 | 1923986 | 1790900 | 133086 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 21414719 | 21414719 | 21414719 | 0 |
| ആകെ | 44178 | 23294527 | 23338705 | 23205619 | 133086 |

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 108778298 | 113 | 47676973 | - | 89 | 56 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 66% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 51% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 1 | 9469610 | 4316608 | 46 |
| വി.ഇ.ഒ | 8 | 8 | 44472739 | 20035400 | 45 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 3962432 | 2707282 | 68 |
| സെക്രട്ടറി | 43 | 32 | 14449759 | 5810574 | 40 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 115 | 44 | 28863841 | 9774201 | 34 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 800000 | 331365 | 41 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 650000 | 650000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 600000 | 400000 | 67 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 670120 | 522120 | 78 |
| അസി.സെക്രട്ടറി | 9 | 5 | 2411727 | 701513 | 29 |
| എച്ച്.എം | 8 | 8 | 2428070 | 2427910 | 100 |
| ആകെ | 202 | 113 | 108778298 | 47676973 | 44 |

## 1-5 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 44178 | 1879808 | 1923986 | 1790900 | 133086 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 21414719 | 21414719 | 21414719 | 0 |
| ആകെ | 44178 | 23294527 | 23338705 | 23205619 | 133086 |

## 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 2238000 | 405 |
| 3 | വിധവാ പെൻഷൻ | 4767600 | 841 |
| 4 | വാർദ്ധക്യകാല പെൻഷൻ | 6904800 | 1309 |
| 5 | വികലാംഗ പെൻഷൻ | 1093700 | 201 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ | 279600 | 48 |

| | | | |
|---|---|---|---|
| | വനിതകൾക്കുള്ള പെൻഷൻ | | |

1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2020-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 650/-രൂപയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

തനത് ഫണ്ടിന്റെ നീക്കിയിരിപ്പ് വളരെ കുറവുള്ള ഗ്രാമപഞ്ചായത്താണ് വടവന്നൂർ. നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിനടുത്തുള്ള കല്യാണമണ്ഡപം അധികൃതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ വസ്തു നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന നികുതി നഷ്ടം തുടരുകയാണ്.
കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമതികൾക്ക് കൈമാറേണ്ടതാണെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. കുടിവെള്ള ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പ് കൃത്യമല്ലാതിരുന്നിട്ടും മേലധികാരികൾ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. ലൈസൻസ് ഫീ കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ ശ്രമം ഉണ്ടായിട്ടില്ല.
നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മക ഇടപെടൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ഭരണസമിതിയുടേയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-9 വസ്തു നികുതി നിർണ്ണയം, പിരിവ് - നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

വസ്തുനികുതി നിർണ്ണയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-9-1 ഘടനാപരമായി മാറ്റം വന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി പുറപ്പെടുവിച്ച 27.04.2015 ലെ സ.ഉ (എം.എസ്) നം.144/2015/തസ്വഭവ ഉത്തരവിൽ ഒരു കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച ശേഷം കൂട്ടിച്ചേർക്കൽ ഉണ്ടായിട്ടുണ്ടെങ്കിൽ അപ്രകാരം കൂട്ടിച്ചേർത്ത ഭാഗത്തിന് പുതിയ നിരക്കിലുള്ള നികുതിയാണ് ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.358/2015/തസ്വഭവ തീയതി 16.12.2015 പ്രകാരം മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണവും സർക്കാർ നൽകിയിരുന്നു. 2019-20 വർഷത്തിൽ ഘടനാപരമായ മാറ്റം വന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച.മീറ്ററിന് 60 രൂപയുമാണ് വടവന്നൂർ ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ ഘടനാപരമായി 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം മാറ്റം വന്നിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം ഉണ്ടാവുന്നു.

കെട്ടിട നം : 7/268,_7/270_എന്നീ_2 കെട്ടിടങ്ങളുടെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതുമൂലം 4228+1036=5264 രൂപ റവന്യൂ നഷ്ടം ഉണ്ടായിട്ടുള്ളതായി കണ്ടെത്തി.
വിശദാംശങ്ങൾ ഖ. 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഖ. 2-1 കാണുക.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/13.07.2020-ന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. ഘടനാപരമായി മാറ്റം വന്ന കെട്ടിടങ്ങളുടെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിനാൽ നഷ്ടം വന്ന 5264 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് സഞ്ചയ ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.
2. വസ്തുതാപരമായ പിഴവുകൾ തിരുത്തി ഫോറം 6 ഹാജരാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-9-2 'ഫ്രണ്ട്സ് ഭവൻ' കല്യാണമണ്ഡപത്തിന് യു.എ നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചതിൽ അവ്യക്തത

ശ്രീ.കെ.എസ്. മുഹമ്മദ് ഷരീഫ് മുതൽപ്പേരുടെ ഉടമസ്ഥതയിലുള്ള 911.07 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള, അനധികൃതമായി നിർമ്മിച്ച് പ്രവർത്തിക്കുന്ന 'ഫ്രണ്ട്സ് ഭവൻ' എന്ന കല്യാണ മണ്ഡപത്തിന് 2019-20 വർഷം സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന യു.എ നമ്പർ അനുവദിച്ചിട്ടുണ്ട് (12/10 UA). 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്ത് BT 98397 രൂപയും LC 4920 രൂപയുമുൾപ്പെടെ 103317 രൂപ വാർഷിക വസ്തുനികുതിയായി നിശ്ചയിച്ചാണ് അനധികൃത നമ്പർ അനുവദിച്ചിട്ടുള്ളത്.നമ്പർ അനുവദിച്ചത് തുക ഈടാക്കാതെയാണ്. തുക ഈടാക്കാതെ യു.എ നമ്പർ നൽകിയ നടപടി ക്രമപ്രകാരമല്ല.
സഞ്ചയ സോഫ്റ്റ്‌വെയറലെ ഫോറം 6 പരിശോധിച്ചതിൽ അനധികൃത നിർമ്മാണത്തിന്റെ വർഷം 2010-11 എന്നും കെട്ടിടം ഉപയോഗം തുടങ്ങിയ തീയതി 01.05.2010 എന്നും കാണിച്ചിട്ടുണ്ടെങ്കിലും നികുതി പ്രാബല്യത്തിൽ വരുന്ന തീയതിയായി രേഖപ്പെടുത്തിയിരിക്കുന്നത് 2019-20 ഒന്നാം അർദ്ധവർഷമാണ്. തുക അടവാക്കാത്തതിനാൽ 2019-20 വർഷം ബാലൻസ് ഷീറ്റിൽ വസ്തുനികുതി കുടിശ്ശികയായി അവശേഷിക്കുന്നതും 103317 രൂപയാണ്.

ഫയൽ പരിശോധിച്ചതിൽ 2010-2011 മുതലുള്ള കുടിശ്ശികയും പലിശയുമുൾപ്പെടെ 15,29,295/- രൂപ എ3-803/2019 തീയതി 13.02.2020 നമ്പരായി റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ഇവ സംബന്ധിച്ച് താഴെപറയുന്ന അപാകതകൾ കാണുന്നു.

1. കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(2) പ്രകാരം പ്രത്യേക നമ്പർ (യു.എ) നൽകുന്നതിനുണ്ടായ യാതൊരു കാലതാമസവും 1-ാം ഉപവകുപ്പ് പ്രകാരം മുൻകാല പ്രാബല്യത്തോടുകൂടി വസ്തുനികുതി ചുമത്തുന്നതിന് തടസ്സമാകുന്നതല്ല എന്നിരിക്കെ സഞ്ചയ സോഫ്റ്റ്‌വെയറിൽ യു.എ നമ്പർ നൽകി നികുതി നിർണ്ണയിച്ചപ്പോൾ പ്രാബല്യതീയതി 2019-20 ഒന്നാം അർദ്ധവർഷം ആയി നൽകിയിരിക്കുന്നു.

2. കേരള പഞ്ചായത്ത് രാജ് നിയമം, 1994 ലെ 235ഡബ്ലിയു വകുപ്പ് പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചു കളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. 2011 -ലെ കേരള പഞ്ചായത്ത് രാജ് ( വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ' നമ്പർ

അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടത്തിനെതിരെ 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടികളോ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടികളോ സ്വീകരിച്ചതായി കാണുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/13.07.2020 -ന് അപാകതകൾ പരിഹരിക്കുന്നതാണെന്നും സഞ്ചയ സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ കാരണമാണ് മുൻകാല പ്രാബല്യത്തോടെ നികുതി നിർണ്ണയിക്കാൻ കഴിയാതെ വന്നതെന്നും അനധികൃത നിർമ്മാണത്തിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>നിർദ്ദേശങ്ങൾ</u>

അനധികൃത നിർമ്മാണത്തിനെതിരെ കേരള പഞ്ചായത്ത് രാജ് നിയമം 235ഡബ്ലിയു വകുപ്പ്, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിയമപരമായ പ്രാബല്യതീയതി മുതൽ പുനർ നിർണ്ണയിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-10 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

തൊഴിൽനികുതിയുടെ ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-10-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല.

<u>ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല</u>

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 33 | ശ്രീ മൂകാംബിക സാമിൽ | 3 |
| 2 | 55 | ആഷിക് സാമിൽ | 3 |
| 3 | 84 | ഈഹാൻ ഫർണീച്ചർ | 6 |
| 4 | 86 | അക്ഷയ ഫുഡ് പ്രോഡക്ട്സ് | 3 |
| 5 | 127 | മലബാർ മാച്ച് ഇൻഡസ്ട്രീസ് | 15 |
| 6 | 128 | ആർ സി മാച്ച് ഇൻഡസ്ട്രീസ് | 18 |
| 7 | 132 | കേരള സംസ്ഥാന സഹകരണ കയർ വിപണന ഫെഡറേഷൻ ലി. നം. 679 | 10 |
| 8 | 159 | ഗ്രീൻ ബ്രിക്സ് ഇന്റർലോക്ക് വർക്സ് | 15 |
| 9 | 163 | മീരാ സോപ്പ് | 4 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനം സംബന്ധിച്ച പത്രിക ആവശ്യപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവർ, പമ്പ് ഓപ്പറേറ്റർമാർ എന്നിവരിൽ നിന്നും വരുമാന പത്രിക ആവശ്യപ്പെടുകയോ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.05/09.07.2020-ന് ഈടാക്കാൻ വിട്ടുപോയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഈടാക്കുവാൻ വിട്ടുപോയ തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനായി സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-10-2 കള്ള്ഷാപ്പ്, റേഷൻ കടകൾ എന്നിവയുടെ തൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ളു ഷാപ്പുകളിൽ നിന്നും 6 റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.05/09.07.2020-ന് ഈടാക്കാൻ വിട്ടുപോയ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഈടാക്കുവാൻ വിട്ടുപോയ തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടേയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനായി സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

**1) ലൈസൻസ്- ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല**

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2019-20 വർഷത്തെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയോ ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ ആയതിന് അനുസൃതമായി ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

**2) വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കിയിട്ടില്ല**

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ വല്ല പുരയിടത്തിലും സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III ൽ പറഞ്ഞ പരമാവധി തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ | ലൈസൻസ് രജിസ്റ്ററിലെ | അപേക്ഷകന്റെ പേര്/ | അപേക്ഷയിൽ രേഖപ്പെടുത്തി | ചുമത്താവുന്ന പരമാവധി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം. | ക്രമ നം. | സ്ഥാപനത്തിന്റ് പേര്/ കെട്ടിട നമ്പർ | യിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഫീസ് |
| 1 | 159 | ബിനീഷ് എ എം ഗ്രീൻ ബ്രിക്സ് ഇന്റർ ലോക്ക് വർക്സ് 1/491 | 31 HP | 400 |
| 2 | 174 | സുന്ദരൻ S/O വേലു, പട്ടത്തലച്ചി വിനായകാ ഇൻഡസ്ട്രീസ് 2/377 | 3 HP | 50 |
| 3 | 178 | ഷമീന ബാനു W/O ഷാജഹാൻ, വിരിഞ്ഞിപ്പാടം ഷാ ട്രൈഡേഴ്സ് 1/468 | 7 HP | 100 |
| ആകെ | | | | 550 രൂപ |

<u>3) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കിയിട്ടില്ല</u>

എ) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2019-20 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര്/ സ്ഥാപനത്തിന്റ് പേര്/ കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 25 | സാന്റോ ടി രാജ് എസ് എസ് എന്റർപ്രൈസസ് 2/476 | 8 HP | 100 |
| 2 | 82 | കെ.എസ്.ഹരിദാസ്, ഗായത്രി റൈസ് മിൽ, 2/110, 2/108 | 675 HP | 6750 |
| 3 | 81 | കെ.എ.ജയപ്രകാശ് ബിജു മോഡേൺറൈസ് മിൽ ഊട്ടറ 8/201 | 111 HP (83 KW) | 2000 |

| | | | | |
|---|---|---|---|---|
| 4 | 86 | സ്മിത.എസ്.ആനന്ദ് അക്ഷയ് ഫുഡ് ഇൻഡസ്ട്രീസ് 3/114 | 25 HP | 300 |
| 5 | 96 | കെബി അജോയ്, കെസിബി റൈസ് മിൽ, മന്ദംപുള്ളി 12/71 | 20 HP | 200 |
| 6 | 101 | എം. സുലൈമാൻ, ജോഹറ മാച്ച് ഫാക്ടറി 9/401 | 35 HP | 400 |
| 7 | 163 | കെ.രാജേഷ് വടശ്ശേരിക്കളം മീര സോപ്പ് 12/70 | 10 | 100 |
| ആകെ | | | | 9850 രൂപ |

ബി) 2018 -ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും നിയമം പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 5 വർഷ കാലയളവിലേക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ 12.03.2019 തീയതിയിലെ പിഎഎൻ3053/2019/ സി4(ഡിപി) പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിൽ ലൈസൻസ് അനുവദിക്കുമ്പോൾ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 2, 3, 4 എന്നിവ പ്രകാരം പഞ്ചായത്ത് പ്രതിവർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസിന്റെ 5 ഇരട്ടി മുൻകൂറായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. താഴെ പറയുന്ന സ്ഥാപനത്തിന് 31/03/2023 വരെ ലൈസൻസ് അനുവദിച്ചപ്പോൾ ലൈസൻസ് ഫീസായി 2019-20 വർഷം 500 രൂപയും 2020-21 മുതൽ 2022-23 വരെ 1000 രൂപ നിരക്കിൽ 3000 രൂപയും പട്ടിക II പ്രകാരം ഈടാക്കിയിട്ടുണ്ട്. എന്നാൽ ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേരും, സ്ഥാപനത്തിന്റെ പേരും, വാർഡ്/ കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഒരുവർഷത്തേക്ക് പട്ടിക 3 പ്രകാരം ചുമത്താവുന്ന പരമാവധി ഫീസ് | 2019-20 മുതൽ 2022-23 വരെയുള്ള കാലയളവിലേക്ക് ഈടാക്കാവുന്ന ഫീസ് |
|---|---|---|---|---|
| 33 | സി. കുമാരൻ S/O ചാമു മന്ദാടിയാർ, ഊട്ടറ, വടവന്നൂർ ശ്രീ മൂകാംബിക സാ മിൽ 10/237 | 46 HP | 500 | 2000 |

<u>4) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു</u>

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ

നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. വടവന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ 6 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

5) ലൈസൻസ് അനുവദിക്കുമ്പോൾ ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219 A മുതൽ 219 X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

ഓഡിറ്റ് അന്വേഷണം നം. 03/09.07.2020 -ന് ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതാണെന്നും വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ഫീസ് ഈടാക്കുന്നതാണെന്നും റേഷൻകടകൾക്ക് ലൈസൻസ് അനുവദിക്കുന്നതാണെന്നും ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

കുറവായി ഈടാക്കിയ തുക ഭരണതല നടപടികളിലൂടെ ഈടാക്കേണ്ടതാണ്. മേൽ മറുപടി പ്രകാരമുള്ള തുടർ നടപടികളുടെ വിവരവും അറിയിക്കേണ്ടതാണ്.

## 1-12 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതിനാൽ ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത

സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. വടവന്നൂർ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള 2 കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ലാത്തതിനാലും വെള്ളക്കരം പിരിച്ചെടുക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തുന്നതിനാലും വെള്ളക്കരം ഇനത്തിലെ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുകയും സ്ഥാപനത്തിന്റെ ധനസ്ഥിതിയെ സാരമായി ബാധിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

കുടിവെള്ള പദ്ധതികളുടെ വിവരം

വടവന്നൂർ ഗ്രാമപഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന 2 കുടിവെള്ള പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതി |
|---|---|
| | |

| | |
|---|---|
| 1 | തങ്കയം |
| 2 | ചമ്പക്കുളം |

ഗുണഭോക്താക്കളുടെ വിവരം

ഓരോ കുടിവെള്ള പദ്ധതിക്കും കീഴിലുള്ള ഉപഭോക്താക്കളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല. രണ്ട് പദ്ധതികൾക്കും കീഴിൽ ഗാർഹിക കണക്ഷനുകളായി ആകെ 250 കണക്ഷനുകളാണ് ഉള്ളത് (തങ്കയം-205+ചമ്പക്കുളം 45). വെള്ളത്തിന്റെ ഉപയോഗം കണക്കാക്കുന്നതിന് മീറ്റർ റീഡറെ ഏർപ്പെടുത്തിയിട്ടില്ല. ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 100 രൂപയാണ് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. കുടിശ്ശിക വരുത്തുന്ന ഗുണഭോക്താക്കളിൽ നിന്നും 5/- രൂപ ഫൈൻ ഈടാക്കുന്നുണ്ട്.

ഡിമാന്റിന്റെ കൃത്യത

വാർഷിക കണക്ക് പ്രകാരം തൻവർഷത്തെ ഡിമാന്റ് 297600/- രൂപയും പിരിവ് 89600/- രൂപയും ബാലൻസ് 206525രൂപയുമാണ്. തൻവർഷത്തെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിലെ ഡിമാന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം 2019-20 വർഷത്തേക്കുള്ള കുടിശ്ശിക ഡിമാന്റ് 366760/- രൂപയായിരുന്നു. എന്നാൽ അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം 195450/- രൂപയും കളക്ഷൻ 67500/- രൂപയും ബാലൻസ് 127950/- രൂപയുമാണ്. ഈ ബാലൻസ് തുകയാണ് 2019-20 വാർഷിക കണക്കുകളിൽ കുടിശ്ശിക ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നത്.

ചെലവ് വിവരങ്ങൾ

വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി തൻവർഷം 226001/- രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 85155 |
| അറ്റകുറ്റപ്പണികൾ | 30846 |
| പമ്പ് ഓപ്പറേറ്റർ (3 എണ്ണം) | 110000 |
| ആകെ | 226001 |

4. രണ്ട് കുടിവെള്ള പദ്ധതികൾ മാത്രമുള്ള പഞ്ചായത്തിൽ മൂന്നാമതൊരു പമ്പ് ഓപ്പറേറ്റർക്ക് വേതനം നൽകുന്നത് പരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന 2 കുടിവെള്ള പദ്ധതികളാണുള്ളതെങ്കിലും മൂന്ന് പമ്പ് ഓപ്പറേറ്റർമാർക്ക് വേതനം നൽകി വരുന്നുണ്ട് എന്ന് തനതു ഫണ്ട് ചെലവു രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. മൂന്നാമത്തെ ആൾ KWA യുടെ പമ്പ് ഓപ്പർ ആണെന്നാണ് വൗച്ചറുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രതിമാസം 3000/- രൂപ ശ്രീ.ഷൺമുഖൻ എന്നയാൾക്ക് 23-6-2017 ലെ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നല്കി വരുന്നുണ്ട്. (നം.8(6)) തീരുമാനത്തിൽ ഇപ്രകാരമാണ് സൂചിപ്പിച്ചിട്ടുള്ളത്: “ജല അതോറിറ്റിയുടെ കീഴിലുള്ള 2 ബോർവെൽ പമ്പ് ഹൗസുകൾ ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പഞ്ചായത്തിന്റെ തനതു ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പമ്പ് ഓപ്പറേറ്റർമാർക്ക് വേതനം നൽകി അധിക സമയത്തേക്ക് പ്രവർത്തിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്”.

തനതു ഫണ്ടിന്റെ നിലവിലെ സ്ഥിതി വിലയിരുത്തിക്കൊണ്ടും മേൽ പ്രദേശങ്ങളിൽ നിലവിലും അത്തരത്തിലുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടോ എന്ന് അന്വേഷണവിധേയമാക്കിക്കൊണ്ടും ജലഅതോറിറ്റിയുടെ കീഴിലുള്ള പമ്പ്ഹൗസുകളിലെ പമ്പ് ഓപ്പറേറ്റർക്ക് വേതനം നൽകി വരുന്നത് പുനഃപരിശോധിക്കേണ്ടതാണ്.

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും പ്രസ്തുത വിഷയം പരാമർശിച്ചിട്ടുണ്ട്.

പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ.ഉ (സാധാ)നം.1275/2009/ത.സ്വ.ഭ.വ തിയതി 30-5-2009 ലെ നിർദ്ദേശം പാലിച്ച് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

2. വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ കാലികമാക്കി കുടിശ്ശിക പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

4. കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. തനതു ഫണ്ടിന്റെ നിലവിലെ സ്ഥിതി വിലയിരുത്തിക്കൊണ്ടും മേൽ പ്രദേശങ്ങളിൽ നിലവിലും അത്തരത്തിലുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടോ എന്ന് അന്വേഷണ വിധേയമാക്കിക്കൊണ്ടും ജല അതോറിറ്റിയുടെ കീഴിലുള്ള പമ്പ്ഹൗസുകളിലെ പമ്പ് ഓപ്പറേറ്റർക്ക് വേതനം നൽകി വരുന്നത് പുനഃപരിശോധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.11/13.7.20 )

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള രേഖകൾ സൂക്ഷിക്കുന്നില്ല

ജല അതോറിറ്റിയുടെ കീഴിലുള്ള 148 പൊതു ടാപ്പുകൾ ഗ്രാമപഞ്ചായത്ത് അതിർത്തിയിലുണ്ട്. ഈ ടാപ്പുകൾക്ക് പ്രതിമാസം 64750 രൂപയാണ് ജല അതോറിറ്റിയിൽ വെള്ളക്കരമായി ഒടുക്കേണ്ടത്. തനത് ഫണ്ടിന്റെ അപര്യാപ്തത നേരിടുന്നതിനാൽ തൻവർഷം ഈ ഇനത്തിൽ ആകെ 647500 രൂപ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നുമാണ് ഒടുക്കിയിട്ടുള്ളത്.

പ്രൊജക്റ്റ് നം. 6/19-എം.ജി-നോൺ റോഡ്.

പൊതു ടാപ്പുകളുടെ കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലല്ല വെള്ളക്കരം ഒടുക്കി വരുന്നത്. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 11/13.7.2020-ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കി പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
2. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വ്യക്തിഗത സബ്സിഡി അനുവദിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. എല്ലാ പ്രദേശത്തും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതു ടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനുള്ള ശ്രമം നടത്തി പഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വാഹന ഉപയോഗത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ഗ്രാമപപഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്ന വാഹനത്തിന്റെ വിവരം താഴെ ചേർക്കുന്നു.

വാഹനം- നം. KL70-2332 – മഹീന്ദ്ര-സൈലോ

ജി.ഒ(എം.എസ്)നം.170/07/ത.സ്വ.ഭ.വ തിയതി 30-06-2007 പ്രകാരം പഞ്ചായത്ത് വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി താഴെ പറയുന്ന രജിസ്റ്ററുകളും റെക്കോഡുകളും സൂക്ഷിക്കേണ്ടതാണ്.

1. ലോഗ് ബുക്ക്.
2. പെട്രോൾ/ഡീസൽ/ഗ്യാസ്/ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്.
3. റിപ്പയർ രജിസ്റ്റർ.
4. ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ.
5. സ്റ്റോക്ക് രജിസ്റ്റർ.

രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നില്ല

ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ്, ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. അത്തരത്തിൽ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നില്ല.

2019-20 വർഷത്തിൽ ലോഗ് ബുക്ക്, വൗച്ചറുകൾ എന്നിവയുടെ പരിശോധനയിൽ വാഹനം ആകെ 20318 കിലോ മീറ്റർ ഓടിയിട്ടുണ്ട്. ആകെ 1668 ലിറ്റർ ഡീസൽ ഉപയോഗിച്ചിട്ടുണ്ട്. ഈ കണക്കനുസരിച്ച് മൈലേജ് 12 കിലോമീറ്റർ മാത്രമാണുള്ളത്. ഇന്ധനക്ഷമതാ ടെസ്റ്റ് നടത്താത്തതിനാൽ ഇന്ധന ക്ഷമതയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

സ.ഉ.(എം/എസ്)നം.170/07/തസ്വഭവ തിയ്യതി 30.6.07 പ്രകാരം ഓരോ വാഹനത്തിന്റേയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് നടത്തിക്കേണ്ടതും ആയതിന്റെ ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

2. ലോഗ് ബുക്കിന്റെ സൂക്ഷിപ്പ്

ലോഗ്ബുക്കിന്റെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും ലോഗ്ബുക്കിൽ പ്രതിമാസ, വാർഷിക സംക്ഷിപ്തം എഴുതി ആരും ഒപ്പുവെക്കുന്നില്ല.

3. റിപ്പയർ രജിസ്റ്റർ

ജീപ്പിന്റെ റിപ്പയറിനായി ആകെ 41279 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ റിപ്പയർ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

4. അറ്റകുറ്റപ്പണികൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്

വാഹനത്തിന്റെ അറ്റകുറ്റപ്പണികളുടെ ചുമതല കസ്റ്റോഡിയൻ ഓഫീസർക്കോ അദ്ദേഹം നിയമാനുസൃതം ചുമതലപ്പെടുത്തുന്ന എഞ്ചിനീയർ മുഖേനയോ നിർവ്വഹിക്കാവുന്നതാണ്. അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിത ചെലവ് രണ്ടായിരം രൂപയിൽ അധികരിച്ചും പതിനായിരം രൂപ വരെയുമാണെങ്കിൽ ക്വട്ടേഷൻ അടിസ്ഥാനത്തിലല്ലാതെ പഞ്ചായത്തിന്റെ അംഗീകാരത്തിന് വിധേയമായി സർക്കാരിന്റെ അംഗീകാരമുള്ള ഒരു വർക്ക്ഷോപ്പ് മുഖേന നിർവ്വഹിക്കാവുന്നതാണ്. പ്രതീക്ഷിത ചെലവ് 10000 രൂപയ്ക്ക് മുകളിലാണെങ്കിൽ ക്വട്ടേഷൻ മുഖേന നിർവ്വഹിക്കേണ്ടതാണ്.

താഴെ പറയുന്ന ചെലവു ക്വട്ടേഷൻ ഇല്ലാതെയാണ് നിർവ്വഹിച്ചിട്ടുള്ളത്.

| ക്രമ നം. | ചെലവ് | വൗച്ചർ നം/ തിയ്യതി | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 21403 | 21900128/31.3.2019 | ഇറാം |

| | | | മോട്ടോർസ് |
|---|---|---|---|

5. ഗാരേജ്

സ.ഉ.(എം/എസ്) നം.170/07 തിയ്യതി 30.6.07 പ്രകാരം വാഹനങ്ങൾ സൂക്ഷിക്കുന്നതിനായി ഒരു ഗാരേജ് ഉണ്ടാകേണ്ടതും വാഹനം ആയതിൽ സൂക്ഷിക്കേണ്ടതുമാണ്. കസ്റ്റോഡിയൻ ഓഫീസർ വാഹനത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ വടവന്നൂർ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ഗാരേജ് ഇല്ലാത്തതിനാൽ വാഹനം മറ്റൊരു സ്ഥലത്താണ് സൂക്ഷിക്കുന്നതെന്ന് അധികാരികൾ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആവശ്യമായ ഗാരേജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. മറ്റ് രേഖകൾ

31-3-2006 ലെ ജി.ഒ.(പി)നം.161/2006/ഫിൻ ഉത്തരവ് പ്രകാരം വാഹനത്തിന്റെ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്. വാഹനത്തിന്റെ സംരക്ഷണം റിപ്പയർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള ഫോറങ്ങളുടെ മാതൃകയും നിശ്ചയിച്ചിട്ടുണ്ട്. ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള രേഖകളും രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
2. ഇന്ധനക്ഷമതാ ടെസ്റ്റ് നിശ്ചിത കാലയളവിൽ നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3. വാഹനത്തിന്റെ അറ്റകുറ്റപണികളുടെ പ്രതീക്ഷിത ചെലവ് 10000 രൂപയ്ക്ക് മുകളിലാണെങ്കിൽ ക്വട്ടേഷൻ മുഖേന നിർവ്വഹിക്കേണ്ടതാണ്.
4. വാഹനം സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ഗാരേജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

   പ്രസ്തുത വിഷയം ഓഡിറ്റ് അന്വേഷണം നം.20/15.7.20 ലൂടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചതിന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

   തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ലോക് സഭാ ഇലക്ഷൻ - വാഹന വാടക നല്കിയത് അംഗീകരിക്കുന്നില്ല

ബിൽ നമ്പർ-908/114/23.5.19=2500

തനത് ഫണ്ട് വൗച്ചർ നമ്പർ-21900119 /23.5.19

ചെക്ക് നമ്പർ-610530/23.5.19

2019 ലോകസഭ ഇലക്ഷനോടനുബന്ധിച്ച് 23.4.19 ന് രാവിലെ 7 മണി മുതൽ ഉച്ചക്ക് 2 മണിവരെ ഭിന്നശേഷിക്കാരായ വോട്ടർമാർക്ക് വോട്ട് ചെയ്യുന്നതിന് വാഹനം ഉപയോഗിച്ച വകയിൽ വാടക ഇനത്തിൽ 2500/- രൂപ ശ്രീമതി. സിനിമോൾ, ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് തനത് ഫണ്ടിൽ നിന്നും നല്കിയിട്ടുണ്ട്. ആയത് ക്രമപ്രകാരമല്ല. (വിശദാംശങ്ങൾ ഖ. 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1-16 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടില്ല - തുടർനടപടികൾ ആവശ്യപ്പെടുന്നു

2019-20 സാമ്പത്തിക വർഷത്തിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Cprcs(Centralised Procurement Rate Contract System) മുഖേന

വാങ്ങുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന 4 പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ ട്രഷറി ബില്ലുകൾ പ്രകാരം പദ്ധതി പണം പിൻവലിച്ച് KERALA STATE IT MISSION ന് അക്കൗണ്ട് ട്രാൻസ്ഫറായി ( 79901140000 3959) തുക മുൻകൂറായി നല്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | അടങ്കൽ മെയിന്റനൻസ്-നോൺ റോഡ് | ആകെ ചെലവ് | ബിൽ നമ്പരും തിയ്യതിയും | ആവശ്യപ്പെട്ട ഉപകരണങ്ങൾ |
|---|---|---|---|---|---|
| 1 | 200/20 | 300000 | 298098 | 1.28/21.10.19= 223471<br>2.39/3.12.19= 49811<br>3.43/21.12.19= 24816 | കമ്പ്യൂട്ടർ-4 എണ്ണം,ഫോട്ടോസ്റ്റാറ്റ്-1, പ്രിന്റർ-5 |
| 2 | 224/20 | 157278 | 155100 | 57/29.1.20= 155100 | കമ്പ്യൂട്ടർ-3 എണ്ണം, പ്രിന്റർ-1, സ്കാനർ-1 |
| 3 | 230/20 | 40406 | 40129 | 76/17.3.20= 40129 | കമ്പ്യൂട്ടർ-1 |
| 4 | 139/20 | 210565 | 204694 | 1.46/10.1.20= 160516<br>2.47/10.1.20= 44178 | കമ്പ്യൂട്ടർ-4 എണ്ണം, പ്രിന്റർ-3 |
| ആകെ | | | 698021 | | |

തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ആകെ 156347/- രൂപയുടെ 3 കമ്പ്യൂട്ടറുകൾ മാത്രമാണ് ഓൺലൈൻ പോർട്ടൽ മുഖേന നാളിതുവരെ ലഭ്യമായിട്ടുള്ളത്. കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ട്. 9 കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സാമഗ്രികളും നാളിതുവരെ ലഭ്യമായിട്ടില്ല. 541674/- രൂപയുടെ മറ്റ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/13.7.20 ) ലഭിച്ച മറുപടിയിൽ ബാക്കിയുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് Cprcsന് കത്ത് നല്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - തുടർ നടപടികൾ ആവശ്യപ്പെടുന്നു

താഴെ സൂചിപ്പിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി യുടെ വടവന്നൂർ ഓഫീസിലേക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ.എസ്.ഇ.ബി, വടവന്നൂർ | 119/20-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 5/29-06-19 | 291649 |

| | | | |
|---|---|---|---|
| | 126/ 20-കൗണ്ടത്തറ കൗണ്ടൻകുളമ്പ് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 6/29-6-19 | 15723 |
| | 202/20-തേക്കിൻക്കാട് കൗണ്ടൻകുളം സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 60/15-2-20 | 40000 |
| | 204/20-വളർത്തുകാട് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 44/20-01-20 | 53454 |
| | 231/20-താഴെ മീനിക്കോട് ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 73/17-03-20 | 14020 |
| | 233/20-തേക്കിൻക്കാട് കൗണ്ടൻകുളം സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 74/17-03-20 | 5339 |

മേൽ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വൈദ്യുതി ബോർഡുമായി എഗ്രിമെന്റ് ചമച്ചിട്ടുണ്ടെങ്കിലും എഗ്രിമെന്റിൽ പ്രവൃത്തി ആരംഭിക്കേണ്ട തിയ്യതി, പൂർത്തീകരിക്കേണ്ട തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പ്രവർത്തികൾ പൂർത്തീകരിച്ച വിവരവും ധനവിനിയോഗ രേഖകളും നാളിതുവരെ ലഭിച്ചിട്ടില്ല. അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.2/9.7.20)

**1-18 എം.ജി.ആർ കമ്യൂണിറ്റി ഹാളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് - COSTFORD ന് പ്രവൃത്തി നേരിട്ട് ഏൽപ്പിച്ചപ്പോൾ അർഹതയും രേഖകളുടെ കൃത്യതയും ഉറപ്പാക്കിയില്ല**

പ്രൊ.നം. 112/19-എം.ജി.ആർ കമ്യൂണിറ്റി ഹാളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ (42/20)

അടങ്കൽ - 1829520/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ടി.എസ്.നമ്പർ-133/19 തിയ്യതി 18.1.19- 1711500 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

നിർവ്വഹണ ഏജൻസി - കോസ്റ്റ്ഫോർഡ്, തൃശ്ശൂർ

എഗ്രിമെന്റ് നം.1428/4.2.19.

നാളിതുവരെയുള്ള ചെലവ്

2018-19 – ആദ്യ ഗഡു – 342300 (ബിൽ നം. 13/8-3-2019)

2019-20 – 1026900/-രൂപ (ബിൽ നം.21/17.9.19 – 2, 3, 4 ഗഡുക്കൾ ഒരുമിച്ച് നൽകി).

2019-20 വരെ ആകെ നൽകിയത് – 1369200 രൂപ.

പ്രവൃത്തി പൂർത്തീകരിച്ചതിനെത്തുടർന്ന് എഗ്രിമെന്റ് പ്രകാരമുള്ള ബാക്കി തുകയായ 342300/-രൂപ നല്കുന്നതിനായി 2019-20 ൽ ട്രഷറിയിൽ ബിൽ സമർപ്പിച്ചുവെങ്കിലും പാസ്സാകാതെ ക്യൂ ബില്ലാവുകയും 2020-21 വർഷത്തിൽ 11.4.2020 ന് തുക പിൻവലിച്ച് നല്കുകയും ചെയ്തിട്ടുണ്ട്.

കോസ്റ്റ്ഫോർഡിന് ആകെ നൽകിയത് - 1711500 രൂപ.
എം.ബി. നം.2358/18-19

സെന്റേജ് ചാർജ്ജ് – 8%

വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എം.ജി.ആർ കമ്യൂണിറ്റി ഹാളിൽ കിച്ചൺ ട്രോബ്, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുന്നതിന് 28-9-2018 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം ഭരണാനുമതി ലഭിക്കുകയും നിർവ്വഹണച്ചുമതല അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ്ഫോർഡിനെ ഏൽപ്പിക്കുകയും ചെയ്തു. കോസ്റ്റ്ഫോർഡുമായി 4.2.2019 ന് ഏർപ്പെട്ട കരാർ പ്രകാരം കിച്ചൺ ട്രോബ് സ്ഥാപിക്കുന്നതിന് 1260000/- രൂപയും ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് 451500/-രൂപയും കൂടി ആകെ 1711500/- രൂപയാണ് വകയിരുത്തിയിരുന്നത്.

രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. എഗ്രിമെന്റ് ചമച്ചത് നിശ്ചിത നിരക്കിലുള്ള സ്റ്റാമ്പ് പേപ്പറിലല്ല

*കേരള ഫിനാൻസ് ആക്ട്, 2018 പ്രകാരം 1-4-2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപക്കും 1/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/-രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി നിജപ്പെടുത്തിയിട്ടുമുണ്ട്. നിർവ്വഹണ ഏജൻസിയുമായി ആകെ 200/ രൂപയുടെ മുദ്രപത്രത്തിലാണ് എഗ്രിമെന്റ് ചമച്ചിട്ടുള്ളത്. എഗ്രിമെന്റിന് നിശ്ചിത മൂല്യമില്ലാത്തതിനാൽ കരാറിന് നിയമപരമായ സാധുതയില്ല എന്ന് വിലയിരുത്തുന്നു. 1720 രൂപയുടെ സ്റ്റാമ്പ് പേപ്പറിലാണ് എഗ്രിമെന്റ് ചമയ്ക്കേണ്ടിയിരുന്നത്. സ്റ്റാമ്പ് പേപ്പർ മൂല്യത്തിൽ 1520 രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

* എഗ്രിമെന്റിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. എഗ്രിമെന്റ് വ്യവസ്ഥകൾ അക്രഡിറ്റഡ് ഏജൻസികളുടെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

ടെണ്ടർ നടപടികൾ കൂടാതെ നേരിട്ടാണ് കോസ്റ്റ്ഫോർഡിനെ പ്രവൃത്തി ഏൽപ്പിച്ചു നൽകിയത്. ജി.ഒ(പി)നം.95/2017/ധന തിയതി 25-7-2017 പ്രകാരമുള്ള പട്ടികയിലെ ക്രമ നം. 12 പ്രകാരം കോസ്റ്റ് ഫോർഡിന് രണ്ട് വിഭാഗങ്ങളിൽ അക്രഡിറ്റേഷനുണ്ട്.

1. പൊതുവായ പ്രവൃത്തികൾ - പി.എം.സി (പ്രൊജക്റ്റ് മാനേജ്മെന്റ് കൾസൾട്ടന്റ് ) ആയി

2. കോസ്റ്റ് എഫക്ടീവ് പ്രവൃത്തികൾ (ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയുള്ള പ്രവൃത്തികൾ) – നോൺ-പി.എം.സി ആയി ടെണ്ടർ കൂടാതെ നേരിട്ട് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന്.

കോസ്റ്റ് ഫോർഡിനെ പ്രവൃത്തി നേരിട്ട് ചുമതലപ്പെടുത്തുന്നതിനുമുമ്പായി മേൽ പ്രവൃത്തിയുടെ ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ കോസ്റ്റ് ഫോർഡിന് സ്വന്തമായി ഉണ്ടോ എന്ന് ഉറപ്പാക്കിയിട്ടില്ല. സ്വന്തമായി ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ ഇല്ലെങ്കിൽ മേൽ പ്രവൃത്തി പി.എം.സി ആയി മാത്രമേ നൽകുവാൻ സാധിക്കുകയുള്ളൂ. ഏത് വിഭാഗത്തിലുള്ള പ്രവൃത്തി ഏറ്റെടുക്കുന്നതിനാണ് കോസ്റ്റ്ഫോർഡിന് അർഹതയുള്ളത് എന്ന് വിലയിരുത്താതെയാണ് പ്രവൃത്തി ഏൽപ്പിച്ചു നൽകിയിട്ടുള്ളത്. ഇക്കാര്യത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1. സ്വന്തം സാങ്കേതിക വിദ്യ പ്രകാരമാണ് പ്രവൃത്തി നിർവ്വഹിക്കുന്നതെങ്കിൽ സ.ഉ.(പി) നം.311/14/ ഫിൻ തിയ്യതി 30.7.14 പ്രകാരം പുറപ്പെടുവിച്ച അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ അനുബന്ധം 2 ലെ നിബന്ധന നമ്പർ 14 പ്രകാരം തുക അനുവദിക്കേണ്ടത് താഴെ പറയും പ്രകാരമാണ്.

*മുൻകൂറായി 20% തുകയും തുടർന്ന് 5 തുല്യ ഗഡുക്കളായി 15% വീതം. ഓരോ ഗഡുവും അനുവദിക്കുന്നതിന് മുൻപായി നിയമപരമായി ഒടുക്കേണ്ട തുകകൾ ഏജൻസി ഒടുക്കിയതായി

ഉറപ്പാക്കേണ്ടതാണ്. ബാക്കി 5% തുക പെർഫോമൻസ് ഗ്യാരന്റിയായി സൂക്ഷിക്കേണ്ടതാണ്. സ.ഉ(പി)നം.25/18/ധന തിയ്യതി 21.2.18 പ്രകാരം പെർഫോമൻസ് ഗ്യാരന്റി ഫൈനൽ ബിൽ നൽകുന്ന സമയത്ത് 200/- രൂപയുടെ മുദ്രപത്രത്തിൽ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണെന്ന് വ്യക്തത വരുത്തിയിട്ടുണ്ട്. പ്രവൃത്തികൾ നേരിട്ട് നടത്തുന്ന ഏജൻസികൾക്ക് കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് (സി.പി) അനുവദനീയമല്ലാത്തതും ഒരു കോടി വരെയുള്ള പ്രവൃത്തികൾക്ക് 8% സെന്റേജ് ചാർജ്ജ് അനുവദിക്കാവുന്നതുമാണ്.

2. ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പ്രവൃത്തിയല്ലെങ്കിൽ ഉചിതമായ അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് അപ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടില്ല. കോസ്റ്റ് ഫോർഡിനെ പി.എം.സി ആയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നതിനും രേഖകളില്ല. സ.ഉ(പി)നം.95/2017/ഫിൻ തിയതി 25-07-2017 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനം ടെണ്ടർ ക്ഷണിച്ച് കരാറുകാരനെ തെരഞ്ഞെടുത്ത് ഗ്രാമപപഞ്ചായത്തിനെ അറിയിക്കേണ്ടതാണ്. പിന്നീടുള്ള പണമിടപാടുകൾ കരാറുകാരനും പഞ്ചായത്തും തമ്മിലാണ് നടത്തേണ്ടത്.

പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് 2% വരെ പി.എം.സി ചാർജ്ജിന് അർഹതയുണ്ട്. എസ്റ്റിമേറ്റിൽ സി.പി ഉൾപ്പെടുത്താവുന്നതുമാണ്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, എഗ്രിമെന്റ് എന്നിവയിൽ ഏത് രീതിയിലാണ് കോസ്റ്റ്ഫോഡിനെ നിർവ്വഹണച്ചുമതല ഏൽപ്പിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല.

സ്ഥാപനവും ഗ്രാമപഞ്ചായത്തുമായി ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ സ.ഉ.(പി)നം.311/14/ഫിൻ തിയ്യതി 30.7.14 പ്രകാരം പുറപ്പെടുവിച്ച അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിരുദ്ധമാണെന്ന് ശ്രദ്ധയിൽപ്പെട്ടു. എഗ്രിമെന്റ് വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്.

സ്റ്റേജ് -1-ആകെ ചെലവിന്റെ 20 % തുക

സ്റ്റേജ്-2, 3 & 4 – 20% വീതം. (മുൻകൂർ നല്കിയ തുകയുടെ 90% തുക ചെലവഴിച്ചതിന്റെ വിനിയോഗം ഉറപ്പാക്കിയതിനുശേഷം)

സ്റ്റേജ്-5-10%

സ്റ്റേജ്-6- 10%

ആദ്യ ഗഡു നൽകിയതിനുശേഷം 2, 3, 4 ഗഡുക്കൾ ഒരുമിച്ചാണ് നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുള്ളത്.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള എഗ്രിമെന്റ് വ്യവസ്ഥകളിൽ നിന്നും വിഭിന്നമായ വ്യവസ്ഥകൾ പ്രകാരം ഏർപ്പെട്ട കരാർ ക്രമപ്രകാരമല്ല എന്ന് വിലയിരുത്തുന്നു. ഇപ്രകാരമുള്ള എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം അക്രഡിറ്റഡ് ഏജൻസിക്ക് കൂടുതൽ തുക ഗഡുക്കളായി അനുവദിക്കപ്പെടുന്നതാണ്.

<u>3. തുക ഗഡുക്കളായി അനുവദിക്കേണ്ടതാണെന്ന മാനദണ്ഡം പാലിച്ചില്ല</u>

എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം 2, 3, 4 ഗഡുക്കൾ പ്രത്യേകമായാണ് അനുവദിക്കേണ്ടത്. എന്നാൽ മൂന്ന് ഗഡുക്കളും ഒരുമിച്ചാണ് പിൻവലിച്ച് നൽകിയിട്ടുള്ളത്. ആയത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

<u>4. അളവു പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണം</u>

അളവു പുസ്തകത്തിൽ ആകെ പ്രവൃത്തി മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. ആയതിനാൽ യഥാർത്ഥ പ്രവൃത്തി മൂല്യം എത്രയെന്ന് വ്യക്തമാകാതെയാണ്

എഗ്രിമെന്റ് പ്രകാരമുള്ള തുക അനുവദിച്ചിട്ടുള്ളത്. അവസാന ബില്ലും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ബിൽ തുക വിലയിരുത്താതെ അവസാന ഗഡു നൽകിയത് ക്രമപ്രകാരമല്ല.

ഈ വിഷയത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണെന്ന് സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/15.7.20) വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും ഭാവിയിൽ ഇത്തരം അപാകങ്ങൾ വരാതെ ശ്രദ്ധിക്കുന്നതുമാണെന്നുമാണ് സൂചിപ്പിച്ചിട്ടുള്ളത്.

<u>ഓഡിറ്റ് നിഗമനങ്ങൾ/നിർദ്ദേശങ്ങൾ</u>

1. കോസ്റ്റ് ഫോർഡിന്റെ ചെലവ് കുറഞ്ഞ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തിക്കായി നോൺ-പി.എം.സി അടിസ്ഥാനത്തിലാണ് പ്രവൃത്തി ഏൽപ്പിച്ചതെന്നുള്ള രേഖകൾ അല്ലെങ്കിൽ പി.എം.സി ആയി പ്രവൃത്തി ഏൽപ്പിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവയിൽ സി.പി ഉൾപ്പെടെയാണോ അല്ലാതെയാണോ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തി മൂല്യം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അവസാന ബില്ലും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ യഥാർത്ഥ ചെലവ് എത്രയാണെന്നോ നികുതികളായി ഈടാക്കിയ തുക എത്രയെന്നോ വ്യക്തമായിട്ടില്ല. 342300 രൂപയുടെ ബിൽ 2019-20 ൽ ട്രഷറിയിൽ സമർപ്പിക്കുകയും 2020-21 ൽ മാറുകയും കോസ്റ്റ് ഫോർഡിന് നൽകുകയും ചെയ്തിട്ടുണ്ട്. ആകെ നൽകിയ 1711500 രൂപയിൽ 451500/- രൂപ ഇൻസിനറേറ്ററിനാണ് നൽകിയിട്ടുള്ളത്. 8% സെന്റേജ് ചാർജ്ജ് എല്ലാ ഇനങ്ങൾക്കും ഈടാക്കിയിട്ടുണ്ട്. ഇൻസിനറേറ്റർ കോസ്റ്റ്ഫോർഡിന്റെ ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ പ്രകാരം നിർമ്മിക്കപ്പെട്ടതാണെന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയത് പ്രത്യേകം പർച്ചേസ് ചെയ്തതാണെന്ന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 8% സെന്റേജ് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഈ ഇനത്തിനും ഈടാക്കിയിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥകളിൽ കൃത്യമല്ലാതിരുന്നതിനാലാണ് ഇപ്രകാരം തുക അനുവദിക്കേണ്ടി വന്നതെന്ന് വിലയിരുത്തുന്നു.

എഗ്രിമെന്റ്, അളവു പുസ്തകം മുതലായ പ്രധാന രേഖകളിൽ അപാകതകൾ ഉള്ളതിനാലും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി തൃപ്തികരമല്ലാത്തതിനാലും പദ്ധതിക്കായി തൻവർഷം ചെലവഴിച്ച 1026900/-രൂപ ഓഡിറ്റിൽ തടസ്സവാദത്തിൽ വെക്കുന്നു. രേഖകളുടെ കൃത്യത ഉറപ്പാക്കി അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും തടസ്സവാദം ഒഴിവാക്കേണ്ടതുമാണ്.

മൂല്യം കുറഞ്ഞ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെച്ചതിനാൽ സംസ്ഥാന സർക്കാരിനുണ്ടായ 1520 രൂപയുടെ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സംസ്ഥാന സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

ഇപ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനു മുമ്പായി പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള സ്ഥാപനത്തിന്റെ അർഹത വിലയിരുത്തേണ്ടതും നിയമപരമായി നിലനിൽക്കുന്നതും വ്യക്തതയുള്ളതുമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്. പ്രവൃത്തികൾ പി.എം.സി ആയാണോ നോൺ-പി.എം.സി ആയാണോ ഏൽപ്പിക്കുന്നതെന്ന് വ്യക്തമായി പ്രതിപാദിക്കേണ്ടതാണ്. പി.എം.സി ആണെങ്കിൽ 2% വരെ സെന്റേജ് ചാർജ്ജിന് മാത്രമാണ് സ്ഥാപനത്തിന് അർഹതയുള്ളത്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-19 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - അവലോകനം</u>

അസിസ്റ്റന്റ് എഞ്ചിനിയറുടെ 115 പ്രവൃത്തികളിൽ 44 എണ്ണം തൻവർഷം പൂർത്തീകരിക്കുകയോ, ഭാഗികമായി പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. വകയിരുത്തിയ 2.89 കോടി രൂപയിൽ 97.74 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 33.80% മാത്രമാണ് ചെലവ്.

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ താഴെ ചേർക്കുന്നു.

<u>എ. പ്രോജക്റ്റുകളുടെ ആധിക്യം</u>

സ്പിൽഓവർ പ്രോജക്റ്റുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്റ്റുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 115 മരാമത്ത് പ്രവൃത്തികളിൽ 40 എണ്ണവും (35%) സ്പിൽഓവർ പ്രോജക്റ്റുകളാണ്. ഇരുപതോളം പ്രോജക്റ്റുകൾ ഒരു ലക്ഷമോ അതിൽ കുറവോ അടങ്കലുള്ളവയാണ്. തൻവർഷം അവസാനം 41 ലക്ഷത്തിൽ അധികം തുകയുടെ 23 ബില്ലുകൾ ക്യൂ ബില്ലുകളായിട്ടുണ്ട്.

<u>ബി. പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനാവശ്യമായ രേഖകൾ</u>

പല പ്രവൃത്തികളുടേയും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള കരാറുകാരുടെ അപേക്ഷ, കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരുടെ അപേക്ഷയിന്മേലുള്ള അസി. എഞ്ചിനിയറുടെ വിശദമായ റിപ്പോർട്ടും അനുമതി നൽകിയതിന്റെ രേഖകളും ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കു മുമ്പ് കരാറുകാർ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

പി.ഡബ്ള്യ.ഡി മാന്വൽ പ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

<u>സി. പിഴ ഈടാക്കുന്നതിൽ അപാകത</u>

കരാറുകാരുടെ അപേക്ഷ ഇല്ലാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയ ഏതാനും പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് PWD മാന്വൽ, 2012 പ്രകാരം ഈടാക്കേണ്ട തുകയിൽ നിന്നും വ്യത്യസ്ഥമാണെന്ന് കാണുന്നു. ഏതാനും പേരിൽ നിന്നും കുറവായും കൂടുതലായും പിഴ ഈടാക്കിയിട്ടുണ്ട്.

മാന്വൽ പ്രകാരം ആദ്യ ഘട്ടത്തിൽ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചു നൽകുമ്പോൾ യഥാർത്ഥ കാലയളവിന്റെ 25% അല്ലെങ്കിൽ ആറ് മാസം, ഏതാണോ കുറവ് ആ കാലയളവ് വരെ മാത്രമാണ് അനുവദിക്കാവുന്നത്. എന്നാൽ ആദ്യ ഘട്ടത്തിൽ തന്നെ ഇക്കാര്യം പരിഗണിക്കാതെയാണ് കാലാവാധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ ഒരു തവണ കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഈ ഘട്ടത്തിലും യഥാർത്ഥ കാലയളവിന്റെ 25% അല്ലെങ്കിൽ ആറ് മാസം, ഏതാണോ കുറവ് ആ കാലയളവ് വരെ മാത്രമാണ് അനുവദിക്കാവുന്നത്. കരാറുകാരുടെ കാരണം കൊണ്ടാണ് കാലാവധി ദീർഘിപ്പിക്കുന്നതെങ്കിൽ ആദ്യ ഘട്ടത്തിൽ PAC യുടെ 1%, രണ്ടാം ഘട്ടത്തിൽ 2% എന്നിങ്ങനെ പിഴ ഈടാക്കേണ്ടതാണ് എന്ന നിബന്ധന കണക്കിലെടുക്കാതെ ആദ്യ തവണ തന്നെ 25% ൽ കൂടുതൽ കാലയളവ് അനുവദിച്ചതിനാൽ രണ്ടാം ഘട്ടത്തിൽ ലഭിക്കുമായിരുന്ന 2% പിഴ ഒഴിവാക്കപ്പെടുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. കരാറുകാർക്ക് ഇപ്രകാരമുള്ള ഇളവുകൾ ലഭിച്ചത് പ്രവൃത്തി പൂർത്തീകരണം വൈകുന്നതിനുള്ള പ്രവണത സൃഷ്ടിക്കുവാനിടയാക്കിയിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

<u>ഡി. രേഖകളുടെ സൂക്ഷിപ്പ്</u>

1. എഗ്രിമെന്റ് വ്യവസ്ഥകളിൽ പലതും കാലഹരണപ്പെട്ടിട്ടും PWD മാന്വൽ പ്രകാരം പുതുക്കിയിട്ടില്ല.
2. മെയ്ന്റനൻസ് പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് മുതലായ രേഖകളും സൂക്ഷിച്ചിട്ടില്ല.
3. ആസ്തി രജിസ്റ്റർ നാളിതുവരെ കാലികമാക്കിയിട്ടില്ല.

<u>ഇ. മെയ്ന്റനൻസ് പ്ലാൻ</u>

പദ്ധതി മാർഗ്ഗരേഖ പ്രകാരം മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കുകയോ, ആയതിനനുസരിച്ച് മെയ്ന്റനൻസ് പ്രവൃത്തികൾ നടത്തുവാൻ ശ്രദ്ധിച്ചിട്ടില്ല. തനത് ആസ്തികളുടെ സംരക്ഷണത്തിനായി തൻവർഷം താഴെ പറയുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. 108/20-ഊട്ടറ ബസ് വെയ്റ്റിംഗ് ഷെഡ് പൂർത്തീകരണം-150000

2. 110/20-പഞ്ചായത്ത് ഓഫീസ് ചുറ്റുമതിൽ നിർമ്മാണം - 65773

മേൽ പ്രോജക്ടുകൾ പ്രകാരം തുകയൊന്നും ചെലവഴിച്ചിട്ടില്ലെങ്കിലും ചുമതലയിലുള്ള സ്ഥാപനങ്ങളുടെ സംരക്ഷണം ഉറപ്പാക്കിയതിനുശേഷം തനത് ആസ്തികൾക്കായി തുക നീക്കിവെക്കുന്നത് പരിഗണിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. എഗ്രിമെന്റ് വെക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.
3. പദ്ധതികളുടെ ആസൂത്രണത്തിനാവശ്യമായ റോഡ് കണക്ടിവിറ്റി മാപ്പ്, ആസ്തി രജിസ്റ്റർ എന്നീ അടിസ്ഥാന രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
4. മരാമത്ത് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.
5. പ്രവൃത്തി പൂർത്തീകരണത്തിന് യഥാർത്ഥത്തിൽ ആവശ്യമായ കാലാവധി മാത്രം അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
6. സാമ്പത്തിക വർഷാവസാനത്തിൽ കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.
7. മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് ചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.
8. ചുമതലയിലുള്ള സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കേണ്ടതുമാണ്.

മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതിനായി വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ശക്തമാക്കേണ്ടതാണ്.

പരാർശത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 14/14-7-2020 നുള്ള മറുപടിയിൽ അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 മരാമത്ത് പ്രവൃത്തിയുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

PWD മാന്വൽ, 2012 ലെ ഖണ്ഡിക 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ 8 പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ

ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് കണ്ടെത്തി. വിശദാംശങ്ങൾ ഭാഗം 3 ലെ ഖ. 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഖ. 3-1 കാണുക.

**1-21 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല**

2012 ലെ പി.ഡബ്ള്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും എഞ്ചിനിയർ പരിശോധിക്കേണ്ടതുമാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

37/19 -തുമ്പളാംപൊറ്റ എസ്.സി കോളനി റോഡ് മെറ്റലിംഗ് & ടാറിംഗ്, 179/20 -വെറ്ററിനറി ആശുപത്രി നവീകരണം എന്നീ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണെന്ന് കണ്ടെത്തി. കരാറുകാരിൽ നിന്നും മതിയായ പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുമുണ്ട്. വിശദാംശങ്ങൾ ഭാഗം 3 ലെ ഖ. 3-2 ൽ നൽകിയിട്ടുണ്ട്. ഖ. 3-2 കാണുക.

**1-22 ഇറിഗേഷൻ വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കാതെ വാട്ടയാർ എസ്.സി കോളനി നവീകരണ പദ്ധതി ആവിഷ്കരിച്ചു**

പ്രൊ.നം. 183/20-ഡ്രൈനേജ്, സൈഡ് പ്രൊട്ടക്ഷൻ-വാട്ടയാർ എസ്.സി കോളനി

അടങ്കൽ - 200000 (SCP)

എഗ്രിമെന്റ് നം. 63/7-3-2019

കരാറുകാരൻ - ശ്രീ.എം.അനന്തകൃഷ്ണൻ

അളവു പുസ്തകം നം.111/19-20, ചെലവ് – 198422 ( ബിൽ നം. 45/1.1.2020)

9-ാം വാർഡിലെ വാട്ടയാർ എസ്.സി കോളനിയിലെ പ്രവൃത്തി നടത്തിപ്പിനായി കരാറുകാരൻ 7-3-2019 ന് എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുണ്ട്. നിലവിലുള്ള ഡ്രൈനേജ് പൊട്ടിപ്പൊളിഞ്ഞ നിലയിലായതിനാൽ ആയത് പുതുക്കി പണിത് മുകളിൽ സ്ലാബിട്ട് മണ്ണ് സംരക്ഷിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

പ്രവൃത്തിയുടെ ഡ്രൈനേജ് ചെയ്യുന്ന ഭാഗത്ത് ജലവിഭവ വകുപ്പിൽ നിന്നും അനുമതിക്കായി അപേക്ഷ നൽകിയെങ്കിലും മറുപടി ലഭിക്കുവാൻ വൈകിയതായും അനുമതി ലഭ്യമായില്ലെന്നും കരാറുകാരന്റെ തിയതി രേഖപ്പെടുത്താത്ത ഒരു കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

6-12-2019 ലെ തീരുമാനം നം. 2 പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ അനുമതിയില്ലാത്തതിനാൽ ഡ്രൈനേജ് ഒഴിവാക്കി അരികു സംരംക്ഷണം മാത്രം ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് പുതുക്കി തുടർ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്.

പ്രവൃത്തി ആവിഷ്കരിക്കുന്നതിനുമുമ്പായി സൈറ്റ് പരിശോധിച്ച് ജലവിഭവ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനായി എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും അനുമതിക്കായി അപേക്ഷിച്ചതായി കാണുന്നില്ല. കരാറുകാരൻ നേരിട്ട് അപേക്ഷിച്ചതായി സൂചിപ്പിച്ചിട്ടുണ്ടെങ്കിലും രേഖകളില്ല.

മറ്റ് വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കാതെ പ്രൊജക്റ്റ് ആവിഷ്കരിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നും ഇറിഗേഷൻ വകുപ്പിന് അയച്ച കത്തും മറുപടിയും ലഭ്യമെങ്കിൽ ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 15/17-7-2020 ന് മറുപടി ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനയതിലല്ലാത്ത സ്ഥലങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ പരമാവധി ഒഴിവാക്കേണ്ടതാണ്. അനിവാര്യ സാഹചര്യത്തിൽ അത്തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കേണ്ടി വന്നാൽ എല്ലാ അനുമതികളും ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

ഈ വിഷയത്തിലേക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പ്രവൃത്തി ഏറ്റെടുക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്ന രേഖകൾ സഹിതമുള്ള മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 പൊളിച്ചു മാറ്റിയ ഉരുപ്പടികൾ ഗ്രാമപഞ്ചായത്തിന് തിരികെ ഏൽപ്പിക്കുകയോ കയ്യൊഴിക്കുകയോ ചെയ്തില്ല

2019-20 വർഷത്തിൽ പൂർത്തീകരിച്ച കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ പൊളിച്ചുമാറ്റിയ ഉരുപ്പടികൾ ഗ്രാമപഞ്ചായത്തിലേക്ക് തിരികെ നൽകുകയോ ലേല നടപടികളിലൂടെ കയ്യൊഴിക്കുകയോ ചെയ്തിട്ടില്ലെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 175/20-പി.എച്ച്.സി നവീകരണം

അടങ്കൽ - 150000

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

കരാറുകാരൻ - ശ്രീ.മഹേഷ്.കെ.വി

എഗ്രിമെന്റ് - 53/ 11-9-2018

അളവു പുസ്തകം - 48/18-19

ചെലവ് - 149900 (ബിൽ നം. 20/25-6-19)

അളവു പുസ്തകത്തിലെ ഇനം നം. 1 പ്രകാരം മേൽക്കൂര പൊളിച്ചുമാറ്റിയ പ്രവൃത്തിക്കായി 4988 രൂപയും വാതിലുകളും ജനലുകളും പൊളിച്ചുമാറ്റുന്നതിന് 433 രൂപയും ചെലവഴിച്ചിട്ടുണ്ട്.

അളവു പുസ്തകം പേജ് 1 ൽ പുനരുപയോഗിക്കുവാൻ സാധിക്കുന്ന 338 ഓടുകളും 31Kg വിറകും പേജ് 2 പ്രകാരം 182 ഓടുകളും പേജ് 4 പ്രകാരം 59 Kg വിറകും സ്റ്റാക്ക് ചെയ്തിട്ടുണ്ട്. തുടർ പ്രവൃത്തിയിൽ സാധനങ്ങൾ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. അവ ഗ്രാമപഞ്ചായത്തിന് കൈമാറിയതായോ, ലേലം ചെയ്ത് തുക മുതൽക്കൂട്ടിയതായോ കാണുന്നില്ല.

2. 179/20-വെറ്ററിനറി ആശുപത്രി നവീകരണം

അടങ്കൽ - 150000

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

കരാറുകാരൻ - ശ്രീ.വേലായുധൻ.എ

എഗ്രിമെന്റ് - 39/ 7-9-2018

അളവ് പുസ്തകം - 29/18-19

ചെലവ് - 99906 (ബിൽ നം. 25/16-7-19)

അളവ് പുസ്തകത്തിലെ ഇനം നം. 1 പ്രകാരം കൽക്കെട്ട് പൊളിച്ചുമാറ്റുന്നതിന് 4688 രൂപ ചെലവഴിച്ചിട്ടുണ്ട്.

അളവ് പുസ്തകം പേജ് 3 ൽ പുനരുപയോഗിക്കുവാൻ സാധിക്കുന്ന 1.395$m^3$ കല്ല് സ്റ്റാക്ക് ചെയ്തിട്ടുണ്ട്. തുടർ പ്രവൃത്തിയിൽ ഈ കല്ല് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. അവ പഞ്ചായത്തിന് കൈമാറിയതായോ, ലേലം ചെയ്ത് തുക മുതൽക്കൂട്ടിയതായോ കാണുന്നില്ല.

സാധനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/17-7-2020 ന് മറുപടി ലഭ്യമായില്ല.

ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകൽ- പിഴ കണക്കാക്കിയതിലെ അപാകത പരിഹരിക്കേണ്ടതാണ്

2012 ലെ കേരള പി.ഡബ്ള്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | പൂർത്തീകരി | പൂർത്തീകരിച്ച | ഈടാക്കിയ | ഇടാക്കേണ്ടി | അധികം ഇടാക്കി |
|---|---|---|---|---|---|

| | ക്കേണ്ടി യിരുന്ന തിയതി | തീയതി | പിഴ | യിരുന്ന ത് | യത് |
|---|---|---|---|---|---|
| 1. 160/20 -മുല്ലക്കൽ കുളമ്പ് എസ്.സി കോളനി റോഡ് ഇന്റർലോക്ക്<br>അടങ്കൽ - 200000<br>PAC-191301<br>കരാറുകാരൻ - ശ്രീ.രാധാകൃഷ്ണൻ.കെ.എം<br>എഗ്രിമെന്റ് നം.:21/7-9-18<br>അളവു പുസ്തകം - 56/18-19<br>ചെലവ് - 197217 (ബിൽ നം.31/11-10-19)<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. .എഞ്ചിനിയർ | 6-3-2019 | 30-8-2019 | 11720 | 5730 (3%) | 5980 |
| 2. 153/20 -മേലേ മീനിക്കോട് എസ്.സി കോളനി റോഡ് ഇന്റർലോക്ക്<br>അടങ്കൽ - 250000<br>PAC-248983<br>കരാറുകാരൻ - ശ്രീ.രാധാകൃഷ്ണൻ.കെ.എം<br>എഗ്രിമെന്റ് നം.:20/7-9-18<br>അളവു പുസ്തകം - 51/18-19<br>ചെലവ് - 240089 (ബിൽ നം.34/31-10-19)<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. .എഞ്ചിനിയർ | 6-3-19 | 10-10-19 | 16058 | 7469 (3%) | 8589 |
| | | | | ആകെ | 14569 |

ഓഡിറ്റ് അന്വേഷണം നം. 15/17-7-2020 നുള്ള മറുപടിയിൽ അപാകത പരിഹരിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബിൽ തുക കണക്കാക്കുമ്പോൾ കുറേക്കൂടി ജാഗ്രത പുലർത്തുവാൻ എഞ്ചിനിയറിംഗ് വിഭാഗം ശ്രദ്ധിക്കേണ്ടതാണ്. കൂടുതലായി ഈടാക്കിയ തുക കരാറുകാരൻ തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-25 ആയുർവേദ ഡിസ്പ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല</u>

പ്രോജക്ടിന്റെ പേര് - ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
പ്രോജക്ട് നമ്പർ - 228/20
അടങ്കൽ - ₹ 150000/-
ചെലവ് - ₹ 150000/-
നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, ആയുർവേദം
ബിൽ നമ്പർ - 28/2019-20 തീയതി 27.01.2020.

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം ₹ 150000/- ഔഷധിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ ലഭ്യമായ മരുന്നിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തുക |
|---|---|
| 90150746/31.01.2020 | 78622 |
| 90154727/29.02.2020 | 29552 |
| 90158022/24.03.2020 | 35420 |
| 90163405/31.05.2020 | 4226 |
| ആകെ | 147820 |

2180/- രൂപയുടെ (₹150000- ₹147820) മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ലെന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് ബോധ്യപ്പെട്ടു. മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.17/14.07.2020)

## 1-26 എട്ടാം തരം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ പദ്ധതി- സമാഹരണ നടപടിക്രമങ്ങളിൽ അപാകതകൾ

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എട്ടാം തരം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 53 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങിനൽകാനാണ് ലക്ഷ്യമിട്ടതെങ്കിലും 47 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം ലഭ്യമാക്കാനായത്. പദ്ധതി ആസൂത്രണ നിർവ്വഹണ പ്രക്രിയകളുടെ പരിശോധനയിൽ ടെന്റർ ക്ഷണിക്കാതെ കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ (KADCO) നിന്നും ജി.എസ്.ടി. ഉൾപ്പെടെ മേശ ഒന്നിന് 3799.67 രൂപയും കസേര ഒന്നിന് 1199.52 രൂപയുമായി ആകെ 4999.19 രൂപയ്ക്കാണ് പഠനോപകരണങ്ങൾ വാങ്ങിനൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
പ്രോജക്ട് നമ്പർ, പേര്- 211/20, എട്ടാം തരം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ(എസ്.സി)
അടങ്കൽ തുക- 265000 രൂപ (വികസന ഫണ്ട്- എസ്.സി.പി)
ചെലവ്- 234962 രൂപ
ബിൽ നമ്പർ, തിയതി, തുക- 3/18.01.2020, 234962 രൂപ
ഇൻവോയ്സ് നമ്പർ, തിയതി - NRO/SALES/196, തിയതി. 16.11.2019
(4999.19 രൂപയ്ക്ക് 47 വീതം മേശയും കസേരയും)
സ.ഉ(സാധാ)നം. 3161/2017/തസ്വഭവ തിയതി. 27.09.2017 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി KADCO യെ പരിഗണിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് KADCO നിർമ്മിക്കുന്ന ഫർണീച്ചറുകൾ നേരിട്ട് വാങ്ങുന്നതിന്

നിർദ്ദേശമില്ലാത്തതാണ്. സർക്കാരുമായി KADCO ഏർപ്പെട്ടിട്ടുള്ള റേറ്റ് കോൺട്രാക്റ്റ് ഉത്തരവ് സ.ഉ(ആർ.ടി)നം. 59/2017/SPD തിയതി 20-10-2017, സ.ഉ (ആർ.ടി) നം. 42/12/SPD തീയതി 3.10.18 എന്നിവ സാധനങ്ങൾ നേരിട്ട് വാങ്ങാമെങ്കിലും വാങ്ങിയ സാമഗ്രികൾ ഉത്തരവിൽ ഉൾപ്പെടാത്തതാണ്. ടെണ്ടർ കൂടാതെ KADCO യിൽ നിന്നും നേരിട്ട് വാങ്ങിയ നടപടി സർക്കാർ ഉത്തരവുകൾക്കും ടെണ്ടർ വ്യവസ്ഥകൾക്കും വിരുദ്ധമാണ്.

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരമുള്ള പഠനോപകരണങ്ങൾക്കായി ചെലവഴിക്കാവുന്ന പരമാവധി തുകയായ 5000 രൂപ നൽകിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. തുക നെഗോഷിയേറ്റ് ചെയ്യുന്നതിനു ശ്രമിക്കുകയോ ചർച്ച നടത്തിയതായോ കാണുന്നില്ല. ആയതിനാൽ പഠനോപകരണങ്ങൾക്ക് പരമാവധി തുക നൽകിയതിനാലും ടെണ്ടർ അവലംബിക്കാത്തതിനാലും കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കാനുള്ള സാധ്യതയും സാമ്പത്തിക നേട്ടവും ഇല്ലാതായി.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് തുടർ വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ നിർവ്വഹണം നടത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നമ്പർ- 13/14.07.2020

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആസൂത്രണ ഘട്ടത്തിൽ തന്നെ വാങ്ങലുകളുമായി ബന്ധപ്പെട്ട നിബന്ധനകൾ ഉറപ്പാക്കേണ്ടതും ആയതിനനുസരിച്ച് പ്രൊജക്റ്റ് രൂപീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. കർമ്മ സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും ആസൂത്രണ പ്രക്രിയതിൽ ക്രിയാത്മകമായി ഇടപെടേണ്ടതുമെന്നും വിലയിരുത്തുന്നു.

## 1-27 വൃദ്ധർക്ക് കട്ടിൽ പദ്ധതി- വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ വടവന്നൂർ ഗ്രാമപഞ്ചായത്തിലെ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 3 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം, പേര്- 7/20, വൃദ്ധർക്ക് കട്ടിൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ തുക- 582900 രൂപ (വികസനഫണ്ട് എസ്.സി.പി)
ചെലവ്- 287064 രൂപ
ബിൽ നമ്പർ, തിയതി, തുക- 4/18.01.2020, 287064 രൂപ
ഇൻവോയ്സ് നമ്പർ, തിയതി - NRO/SALES/232, തിയതി. 27.11.2019 (4349.5 രൂപ വീതം 66 കട്ടിലുകൾ)

2) പ്രോജക്ട് നം, പേര്- 129/20, വൃദ്ധർക്ക് കട്ടിൽ (സ്പിൽ ഓവർ)
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ തുക- 95689 രൂപ (വികസനഫണ്ട് എസ്.സി.പി)
ചെലവ്- 95689 രൂപ
ബിൽ നമ്പർ, തിയതി, തുക- 2/29.09.2019, 95689 രൂപ
ഇൻവോയ്സ് നമ്പർ, തിയതി - NRO/SALES/967, തിയതി. 29.03.2019 (4349.5 രൂപ വീതം 22 കട്ടിലുകൾ)

വടവന്നൂർ ഗ്രാമപഞ്ചായത്തിലെ 156 വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനാണ് രണ്ട് പദ്ധതികളിലുമായി ലക്ഷ്യമിട്ടത്. ടെൻഡർ ക്ഷണിക്കാതെ സർക്കാരുമായി റേറ്റ്/റണ്ണിംഗ് കോൺട്രാക്റ്റ് ഉള്ള KADCO യിൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ (KADCO) നിന്നും കട്ടിൽ ഒന്നിന് 4349.45 രൂപയ്ക്ക് (ജി.എസ്.ടി. ഉൾപ്പെടെ) ആകെ 88 കട്ടിലുകളാണ് രണ്ട് പദ്ധതികളിലുമായി തൻവർഷം വാങ്ങിനൽകിയിട്ടുള്ളത്.

3) പ്രോജക്ട് നം, പേര്- 14/2020, വൃദ്ധർക്ക് കട്ടിൽ
നിർവ്വഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ തുക- 544128 രൂപ (വികസനഫണ്ട് ജനറൽ- 299218+ ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 244910)
ചെലവ്- 244910 രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 244910)
ചെക്ക് നമ്പർ, തിയതി- 5147025, 12.03.2020
സപ്ലെയർ- കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KADCO, Kozhikkode)
ഇൻവോയ്സ് നമ്പർ, തിയതി - NRO/SALES/503, തിയതി. 05.02.2020, NRO/SALES/546, തിയതി. 14.02.2020
വടവന്നൂർ ഗ്രാമപഞ്ചായത്തിലെ ജനറൽ വിഭാഗത്തിലെ 125 വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടത്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത പദ്ധതി സ്പിൽ ഓവറായി. തൻവർഷം 60 കട്ടിലുകളാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. 65 കട്ടിലുകൾ 2020-21 സാമ്പത്തിക വർഷത്തിൽ 298771 രൂപ (പ്രൊജക്ട് നമ്പർ- 114/2021, ബിൽ നമ്പർ- 1/14.05.2020) ചെലവഴിച്ച് വാങ്ങി നൽകിയിട്ടുണ്ട്.
ടെന്റർ ക്ഷണിക്കാതെ സർക്കാരുമായി റേറ്റ്/റണ്ണിംഗ് കോൺട്രാക്ട് ഉള്ള KADCO യിൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ (KADCO) നിന്നും കട്ടിൽ ഒന്നിന് 4349.45 രൂപയ്ക്ക് (ജി.എസ്.ടി. ഉൾപ്പെടെ) ആകെ 60 കട്ടിലുകളാണ് തൻവർഷം വാങ്ങിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 244910 രൂപയും സ്പിൽ ഓവറായതിനാൽ 16057 രൂപ ബിൽ നമ്പർ 1/14.05.2020 പ്രകാരവുമാണ് 60 കട്ടിലുകളുടെ ആകെത്തുകയായ 260967 രൂപ KADCO യ്ക്ക് നൽകിയിട്ടുള്ളത്.

സ.ഉ(എം.എസ്)നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി)നം. 259/2010/ത.സ്വ.ഭ.വ തീ. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ 500000/- രൂപയിൽ താഴെയുള്ള വാങ്ങലുകൾക്ക് സർക്കാരുമായി റേറ്റ്/റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. G.O(Ms)No. 13/2015/ITD Dated 12/05/2015 പ്രകാരം അടങ്കൽ തുക 5 ലക്ഷവും അതിന് മുകളിലുള്ള എല്ലാ വാങ്ങലുകൾക്ക് ഇ-ടെണ്ടർ ബാധകമാണ്. എന്നാൽ കട്ടിൽ വാങ്ങലിന് ടെണ്ടർ/ ഇ-ടെണ്ടർ സംവിധാനം അവലംബിച്ചിട്ടില്ല.
ജി.ഒ(ആർടി)നം. 59/2017/SPD തിയതി 20.10.2017 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ റേറ്റ് കോൺട്രാക്ട് ഉത്തരവിൽ KADCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണീച്ചറുകളുടെ വിലവിവര പട്ടികയിൽ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ ഉൾപ്പെടുന്നില്ല. സ.ഉ(സാധാ)നം. 3161/2017/തസ്വഭവ തിയതി. 27.09.2017 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി KADCO യെ പരിഗണിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് KADCO നിർമ്മിക്കുന്ന ഫർണീച്ചറുകൾ നേരിട്ട് വാങ്ങുന്നതിന് നിർദ്ദേശമില്ലാത്തതാണ്. ആയതിനാൽ ടെണ്ടർ കൂടാതെ KADCO യിൽ നിന്നും നേരിട്ട് വാങ്ങിയ നടപടി സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്.
സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരമുള്ള കട്ടിലിന്റെ പരമാവധി തുകയായ 4350 രൂപ നൽകിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. തുക നെഗോഷിയേറ്റ് ചെയ്യുന്നതിനു ശ്രമിക്കുകയോ ചർച്ച നടത്തിയതായോ കാണുന്നില്ല. ആയതിനാൽ കട്ടിലുകൾക്ക് പരമാവധി തുക നൽകിയതിനാലും ഇ-

ടെണ്ടർ അവലംബിക്കാത്തതിനാലും കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കാനുള്ള സാധ്യതയും സാമ്പത്തിക നേട്ടവും ഇല്ലാതായി.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് തുടർവർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം നടത്തുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്.
(ഓഡിറ്റ് അന്വേഷണം നമ്പർ-7/09.07.2020, 9/10.07.2020)

## 1-28 ലൈഫ് മിഷൻ ഭവന പദ്ധതി

സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ; പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. സ.ഉ(എം.എസ്) നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ പട്ടിക അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതി പ്രകാരം ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ഒന്നാം ഘട്ടം

വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ചതും അപൂർണ്ണമായി നിലനിന്നിരുന്നതുമായ ഒരു ഭവനത്തിന്റെ പൂർത്തീകരണമാണ് ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയത്. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടം-2019-20 വർഷത്തെ ലക്ഷ്യം

സ.ഉ(കൈ)നം.34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2019-20 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. നിലവിൽ 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്കും അവസാന ഗഡു നൽകാവുന്നതാണ്.

ഭവന നിർമ്മാണം - യൂണിറ്റ് നിരക്ക്

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാഗക്കാർക്ക് 4 ഗഡുക്കളായും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

2019-20 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

ജനറൽ വിഭാഗത്തിൽ 93 ഉം, എസ്.സി വിഭാഗത്തിൽ 7 ഉം ഉൾപ്പെടെ ആകെ 100 ഗുണഭോക്താക്കളാണ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നത്. ആയതിൽ തൻവർഷം എല്ലാവരും എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻവർഷം ആവിഷ്കരിച്ച പ്രൊജക്റ്റുകളുടെ വിവരം താഴെ ചേർക്കുന്നു.

A) ലൈഫ് മിഷൻ ഭവനങ്ങൾക്ക് ഫണ്ട് വകയിരുത്തൽ (26/20)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് (ജനറൽ) | 1730200 | 1520000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 9300000 | 5300000 |
| ബ്ലോക്ക് പഞ്ചായത്ത് | 809603 | 809603 |
| ജില്ലാ പഞ്ചായത്ത് | 1113941 | 1110397 |
| മറ്റിനം(വായ്പ) | 23418342 | 7920000 |
| ആകെ | 36372086 | 16660000 |

നിലവിലെ സ്ഥിതി

ജനറൽ വിഭാഗത്തിലെ 93 ഗുണഭോക്താക്കളിൽ 79 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 14 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 14 ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റിയെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| പേരും വിലാസവും | നാളിതുവരെ കൈപ്പറ്റിയ തുക | ബാക്കി തുക |
|---|---|---|
| ശ്രീമതി. പ്രേമ പട്ടത്തലച്ചി, വാർഡ് നം. 5 | 200000 | 200000 |
| ശ്രീമതി. സരോജിനി, കുണ്ടമ്പറമ്പ്, വാർഡ് നം. 4 | 360000 | 40000 |
| ശ്രീമതി. വസന്തകുമാരി, ചമ്പക്കുളംവാർഡ് നം. 4 | 360000 | 40000 |
| ശ്രീമതി. സൗജത്ത് നീസ, പൊക്കുന്നി വാർഡ് നം. 5 | 360000 | 40000 |
| ശ്രീമതി. സരോജിനി, സത്രം, വാർഡ് നം. 6 | 360000 | 40000 |
| ശ്രീമതി. കനകം, കുത്തമ്പാക്ക്, വാർഡ് നം. 6 | 360000 | 40000 |
| ശ്രീമതി. ശകുന്തള, കണ്ടനാറ, വാർഡ് നം. 8 | 360000 | 40000 |
| ശ്രീമതി. ഷെറീന, ഊട്ടറ, വാർഡ് നം. 9 | 360000 | 40000 |
| ശ്രീമതി. ചിത്ര, മരുതംപാടം, വാർഡ് നം. 10 | 360000 | 40000 |
| ശ്രീമതി. ഉഷാദേവി, വാട്ടയാർ, വാർഡ് നം. 10 | 360000 | 40000 |

| | | |
|---|---|---|
| ശ്രീമതി. പ്രവീണ, അമ്പലത്ത് വീട്, വാർഡ് നം. 11 | 360000 | 40000 |
| ശ്രീമതി. രമാനാഥൻ, പറയംങ്കോട്, വാർഡ് നം. 13 | 340000 | 60000 |
| ശ്രീമതി. വസന്തി, മന്ദംപുള്ളി, വാർഡ് നം. 12 | 300000 | 100000 |
| ശ്രീമതി.പത്മിനി, വാട്ടയാർ, വാർഡ് നം. 10 | 340000 | 60000 |

B) ലൈഫ് മിഷൻ ഭവനങ്ങൾക്ക് ഫണ്ട് വകയിരുത്തൽ (27/20)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1854600 | 1280000 |
| ബ്ലോക്ക് പഞ്ചായത്ത് | 809603 | 0 |
| ജില്ലാ പഞ്ചായത്ത് | 182403 | 0 |
| മറ്റുള്ളവ | 1553997 | 0 |
| ആകെ | 4400603 | 1280000 |

നിലവിലെ സ്ഥിതി

ആകെയുള്ള 7 ഗുണഭോക്താക്കളിൽ 4 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 3 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 3 ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റിയെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| പേരും വിലാസവും | കുറിപ്പ് | ബാക്കി തുക |
|---|---|---|
| ശ്രീമതി.ദേവി, കണ്ടനാറ, വാർഡ് നം. 8 | 360000 | 40000 |
| ശ്രീമതി. ദേവി. മാമ്പള്ളം വാർഡ് നം. 5 | 360000 | 40000 |
| ശ്രീമതി. തങ്കമണി വാർഡ് നം. 6 | 360000 | 40000 |

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2019-20 ൽ രൂപ ഹഡ്കോയിൽ നിന്നു HUDCO മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. വായ്പാ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 2019-20 വർഷത്തിൽ 5300000 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുതമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായി വിലയിരുത്തേണ്ടതാണ്. 2019-20 വർഷത്തിലേക്ക് തുടർന്നു വന്നിട്ടുള്ള രണ്ടാം ഘട്ട പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ

ഉണ്ടാവേണ്ടതാണ്. മൂന്നാം ഘട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ- 21/16.07.2020)

ഓഡിറ്റ് നിർദ്ദേശം

1. ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾക്കെതിരെ എഗ്രിമെന്റ് പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്

ലൈഫ് മിഷൻ പാർപ്പിട സുരക്ഷ പദ്ധതി (ജനറൽ, എസ്.സി.പി & ടി.എസ്.പി) പ്രകാരമുള്ള ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും ഖണ്ഡിക 7 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും സമ്മതിച്ചിട്ടുണ്ട്. ആയതിനാൽ ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

3. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-29 ലൈഫ് ഭവന നിർമ്മാണ സാമഗ്രികളുടെ വനിതാ നിർമ്മാണ യൂണിറ്റ് - ബ്ലോക്ക് വിഹിതമിനത്തിൽ ലഭ്യമായ 600000/- രൂപ ചെലവഴിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന നിർമ്മാണ സാമഗ്രികളുടെ വനിതാ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 600000/-രൂപ ധനസഹായം 03/2019ൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിക്കുന്നതിലേക്ക് 2018-19 സാമ്പത്തിക വർഷത്തിൽ അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നുവെങ്കിലും (187/19- വനിതാ ഗ്രൂപ്പ് സംരംഭം) പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. നിർമ്മാണ യൂണിറ്റിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായാണ് ബ്ലോക്കിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്.

പദ്ധതി തുകയായ 600000/-രൂപ ജൂലൈ 2020 വരെയും ചെലവഴിക്കപ്പെടാതെ ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ (STSB -A/C No -1553) അവശേഷിക്കുന്നുണ്ട്. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. നിലവിലുള്ള ഈ പദ്ധതിക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുകയാണ്.

തൊഴിലുറപ്പ് പദ്ധതിയും, കുടുംബശ്രീയും സംയോജിപ്പിച്ച് നടപ്പാക്കുന്ന നിർമ്മാണ സാമഗ്രികളുടെ യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ)നം.137/18/ത.സ്വ.ഭ.വ തീയതി 24.09.2018 ലെ നിർദ്ദേശങ്ങളനുസരിച്ച് പദ്ധതിയുടെ നടത്തിപ്പ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് (സ്ത്രീകളുടെയും, കുട്ടികളുടെയും വികസനം) ഉറപ്പാക്കേണ്ടതും നിർവ്വഹണ പുരോഗതി മോണിട്ടർ ചെയ്യേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പ്രവൃത്തി നടപ്പിലാക്കാത്ത സാഹചര്യത്തിൽ തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (2/9.7.20) ലഭിച്ച മറുപടിയിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് ചില സാങ്കേതിക ബുദ്ധിമുട്ടുള്ളതിനാൽ പ്രസ്തുത തുക തിരിച്ചടയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 ബാലസഭ പദ്ധതി- ബാലസഭയുടെ പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ബാലസഭ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം 93 കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് 05.01.2020 യിൽ കൾച്ചറൽ പ്രോഗ്രാം, 103 കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് 15.02.2020 യിൽ നിയമ ബോധവത്ക്കരണ ക്ലാസ്സ് എന്നീ പരിപാടികളാണ് നടത്തിയിട്ടുള്ളത്.
പ്രോജക്ട് നമ്പർ, പേര്- 203/20, ബാലസഭ
അടങ്കൽ തുക- 40,000 രൂപ (വികസന ഫണ്ട്- ജനറൽ)
ചെലവ് തുക- 28800 രൂപ
ബിൽ നമ്പർ, തിയതി, തുക- 5/24.02.2020, 8550 രൂപ
6/24.02.2020, 5000 രൂപ
7/24.02.2020, 600 രൂപ
10/21.03.2020, 14650 രൂപ
സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി. 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.17 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് വാർഡ് ഒന്നിന് 1000 രൂപയും പഞ്ചായത്ത് തല പ്രവർത്തനത്തിന് 40,000 രൂപയിലും അധികരിക്കാത്ത തുക ചെലവഴിക്കാവുന്നതാണ്.
കുടുംബശ്രീ ഡയറക്ടർ കേരളത്തിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അയച്ച 26.12.2018 തിയതിയിലെ 1125/കെ/2015/കെ.എസ്.എച്ച്.ഒ നമ്പർ കത്ത് പ്രകാരം കുടുംബശ്രീ ബാലസഭാ പദ്ധതിയുടെ ലക്ഷ്യങ്ങളും ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് ബാലസഭാ പരിപാടികൾ സംഘടിപ്പിക്കേണ്ടതിനെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള കുട്ടികളുടെ അയൽക്കൂട്ടമാണ് ബാലസഭ. തലമുറകളിൽ നിന്ന് തലമുറകളിലേക്കുള്ള ദാരിദ്ര്യം തടയുകയും, വിനോദങ്ങളിലൂടെയുള്ള വിജ്ഞാന സമ്പാദനം, സംഘബോധം, നേതൃത്വശേഷി, സഹകരണ മനോഭാവം, അവകാശാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ ജനാധിപത്യബോധം, സർഗ്ഗശേഷി, വ്യക്തിവികാസം, പരിസ്ഥിതി ബോധം, തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ സൃഷ്ടിക്കുന്നതിനായി വിവിധങ്ങളായ ശിശുകേന്ദ്രീകൃത പരിപാടികളിലൂടെ അവരുടെ കഴിവുകൾ/ ശേഷികൾ വിപുലപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതാണ് കുടുംബശ്രീ ബാലസഭാ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
ബാലകൃഷി, ബാല പാർലമെന്റ്, ബാല സംഗമം, ബാല ലൈബ്രറി തുടങ്ങിയ വിവിധങ്ങളായ പരിപാടികൾ നടത്താമായിരുന്നിട്ടും കൾച്ചറൽ പ്രോഗ്രാം, നിയമ ബോധവൽക്കരണ ക്ലാസ്സ് എന്നിവ മാത്രമാണ് ബാലസഭയുടെ ഭാഗമായി നടപ്പിലാക്കിയത്.
സംസ്ഥാനതല നിർദ്ദേശങ്ങൾ പരിഗണിക്കാതെ പ്രൊജക്ട് തയ്യാറാക്കിയതിനാൽ ബാലസഭയുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു. ബാലസഭയുടെ ലക്ഷ്യം മുൻനിർത്തിക്കൊണ്ട് പദ്ധതി രൂപീകരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിന്മേൽ

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുടർ വർഷങ്ങളിൽ ബാലസഭയുടെ പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തിക്കൊണ്ട് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നമ്പർ- 16/15.07.2020

ബാലസഭാ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പെൺകുട്ടികൾക്ക് തയ്ക്കോണ്ടാ പരിശീലനം- പദ്ധതി മാർഗ്ഗരേഖാ ലംഘനം

2019-20 സാമ്പത്തിക വർഷത്തിൽ വടവന്നൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 18 വയസ്സിന് താഴെ പ്രായമുള്ള എൽ.പി, യു.പി, ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തുന്ന 50 പെൺകുട്ടികൾക്ക് സ്വയം പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അവധി ദിവസങ്ങളിൽ 30 തയ്ക്കോണ്ടാ പരിശീലന ക്ലാസ്സുകൾ നൽകുന്നതിനായി ഒരു പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ടിന്റെ നം, പേര്- 19/2020, പെൺകുട്ടികൾക്ക് തയ്ക്കോണ്ടാ പരിശീലനം
നിർവ്വഹണ ഉദ്യോഗസ്ഥ- ഹെഡ് മിസ്ട്രസ്സ്
അടങ്കൽ തുക- 146300 രൂപ (വികസന ഫണ്ട്- പൊതു വിഭാഗം സാധാരണ വിഹിതം)
ചെലവ് തുക- 146300 രൂപ

| ക്രമ നം. | ബിൽ നമ്പർ/ തിയതി | ബിൽ തുക |
|---|---|---|
| 1 | 7/27.09.2019 | 26300 |
| 2 | 8/26.10.2019 | 56590 |
| 3 | 9/18.01.2020 | 40700 |
| 4 | 10/24.02.2020 | 22710 |
| ആകെ | | 146300 |

പദ്ധതികളുടെ ആസൂത്രണ നിർവ്വഹണ പ്രക്രിയകളുടെ പരിശോധനയിൽ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതും പദ്ധതി മാർഗ്ഗരേഖയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമായാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത് എന്ന് കണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

എ) പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/തസ്വഭവ, തിയതി. 29.01.2018 ഖണ്ഡിക 7.6 യിൽ 14 പ്രകാരം "സാമൂഹ്യ നീതി വകുപ്പ് നടപ്പാക്കുന്ന 'നിർഭയ' പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന ഇത്തരം പ്രവർത്തനങ്ങളുടെ പരിശീലകരായി സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായികാദ്ധ്യാപകരെ നിയോഗിക്കേണ്ടതാണ്" എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്തുകൾക്ക് നടത്താവുന്ന പദ്ധതിയാണ് ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. ആയത് പദ്ധതി ആസൂത്രണത്തിലെ വീഴ്ചയായി കാണുന്നു.

ബി) സ്ത്രീകളുടെയും കുട്ടികളുടെയും വികസനം-വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് ചർച്ച നടത്തിയതായോ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായോ തീരുമാനങ്ങൾ എടുക്കുകയോ ചെയ്തിട്ടില്ല.

സി) പരിശീലനാർത്ഥികൾ ഹൈസ്കൂൾ/ ഹയർസെക്കണ്ടറി വിദ്യാർത്ഥികളാവണം എന്നാണ് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതെങ്കിലും 25 കുട്ടികൾ എൽ. പി, യു.പി വിദ്യാർത്ഥികളാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നമ്പർ. 4/09.07.2020 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ടുകൾ ആവിഷ്കരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 പാലിയേറ്റീവ് കെയർ- അവലോകനം

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന, ദീർഘകാല ചികിത്സയും പരിചരണവും ആവശ്യമായ രോഗികളെ കണ്ടെത്തി അവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇതിനായി സർക്കാർ ഒരു പാലിയേറ്റീവ് പരിചരണ നയം (Pain And Palliative Care Policy Of Kerala) (സ.ഉ.(പി)നം.109/2008/ആ.കു.ക്ഷേ.വ തീയതി 15.04.2008) രൂപീകരിക്കുകയും ആയതിനായുള്ള മാർഗ്ഗരേഖ 2009 -ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പാലിയേറ്റീവ് പരിചരണ പദ്ധതി നിർബന്ധിത പദ്ധതിയാക്കിക്കൊണ്ട് 2012 -ലും വിദഗ്ദ പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി 2015 -ലും പ്രസ്തുത മാർഗ്ഗരേഖ പരിഷ്കരിക്കുകയുണ്ടായി. ഉയർന്ന ആയുർദൈർഘ്യം, ജീവിത ശൈലിയിൽ വന്ന മാറ്റങ്ങൾ എന്നിവ കാരണം ദീർഘകാല രോഗങ്ങളുടേയും മാറാരോഗങ്ങളുടേയും വാർദ്ധക്യ സഹജമായ രോഗങ്ങളുടേയും തോത് വർദ്ധിച്ചതിനാൽ മുൻ മാർഗ്ഗരേഖയിൽ കാലോചിത മാറ്റങ്ങൾ വരുത്തി 07-03-2019 -ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം ആയത് വീണ്ടും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2019-20 -ൽ വടവന്നൂർ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക വിനിയോഗം | | |
|---|---|---|---|---|
| | | ഫണ്ടിനം | അടങ്കൽ (₹) | ചെലവ് (₹) |
| 11/20, സാന്ത്വന പരിചരണ ചികിത്സാ പദ്ധതി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പ്ലാൻ ഫണ്ട് -ജനറൽ | 1,22,222 | 96,420 |
| | | ബ്ലോക്ക് വിഹിതം | 3,77,778 | 1,10,140 |
| | | ആകെ | 5,00,000 | 2,06,560 |

വകയിരുത്തിയ തുകയുടെ 41.31 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

### 1. പഞ്ചായത്ത്തല പ്രവർത്തനങ്ങൾ

മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ഗൃഹ കേന്ദ്രീകൃത പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രോഗികളുടെ വിവരങ്ങളടങ്ങുന്ന നോമിനൽ രജിസ്റ്റർ, ഫോളോ അപ്പ് രജിസ്റ്റർ, സന്ദർശന വിവരങ്ങളടങ്ങുന്ന രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. രോഗികൾക്ക് ആവശ്യമായ പരിചരണ സാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ട്. ആയുർവേദ ഡോക്ടറുടെ സേവനം രോഗികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഹോം കെയർ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള പരിശീലനവും നടപ്പിലാക്കിയിട്ടുണ്ട്. പാലിയേറ്റീവ് വാഹനം ക്വട്ടേഷൻ മുഖേന മാനദണ്ഡങ്ങൾ പാലിച്ചാണ് വാടകയ്ക്കെടുത്തിട്ടുള്ളത്. എന്നാൽ രോഗികളുടേയും കുടുംബാംഗങ്ങളുടേയും ഒത്തുചേരലുകൾ നടത്തിയിട്ടില്ല. 2019-20 വർഷാവസാനത്തെ രോഗികളുടെ സ്ഥിതി വിവര കണക്ക് താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| രജിസ്റ്റർ ചെയ്ത ആകെ രോഗികൾ | 741 |
| രജിസ്റ്റർ ചെയ്ത രോഗികളിൽ മരണപ്പെട്ടവർ | 298 |
| രോഗം ഭേദമായവർ /ചികിത്സ നിർത്തിയവർ | 59 |
| ഫോളോ അപ്പ് രോഗികൾ | 115 |
| ഒ.പി യിൽ ചികിത്സ തേടുന്നവർ | 64 |
| സെക്കന്ററി കെയർ ഉള്ളവർ | 19 |
| ഫിസിയോ തെറാപ്പി ചെയ്യുന്നവർ | 15 |

| | |
|---|---|
| 60 വയസ്സിന് മുകളിലുള്ള രോഗികൾ | 75 |
| കാൻസർ രോഗികൾ | 36 |
| ഡയാലിസിസ് ചെയ്യുന്നവർ | 2 |
| മോർഫിൻ കഴിക്കുന്നവർ | 1 |

2. വാർഡ് /സബ്ബ്സെന്റർ തല പ്രവർത്തനങ്ങൾ

ദീർഘകാല പരിചരണം ആവശ്യമായി വരുന്ന രോഗികളെ ആശാവർക്കർമാരുടേയും മറ്റ് സന്നദ്ധ പ്രവർത്തകരുടേയും നേതൃത്വത്തിൽ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും രോഗികൾക്ക് പൂർണ്ണ മാനസിക ശാരീരിക പിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടി സന്നദ്ധപ്രവർത്തകരുടെ സംഘങ്ങൾ വാർഡ് തലത്തിൽ രൂപീകരിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. വാർഡ് സമിതികൾ രൂപീകരിക്കുകയോ അവലോകന യോഗങ്ങൾ ചേരുകയോ ചെയ്തിട്ടില്ല. സബ്ബ് സെന്റർ തലത്തിലും യോഗങ്ങൾ ചേരുകയോ മറ്റ് പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

3. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പിഎംസി) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. എന്നാൽ 2019-20 വർഷാരംഭത്തിൽ പിഎംസി പുനസംഘടിപ്പിച്ചിട്ടില്ല. 2019-20 വർഷം 31.10.2019, 27.02.2020, 30.03.2020 എന്നീ തീയതികളിലായി 3 തവണ മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും അംഗീകാരം നേടേണ്ടതുമാണ്. എന്നാൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.

4. ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ

ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും അവലോകന യോഗങ്ങൾ കൂടേണ്ടതാണ്. ഈ യോഗത്തിൽ അലോപ്പതി, ആയുഷ് ആശുപത്രികളുടെ പ്രവർത്തനങ്ങൾ, ആശാ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ ഉൾപ്പെടെ വിവിധ ആരോഗ്യ പദ്ധതികൾ, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനം എന്നിവ അവലോകനം ചെയ്യേണ്ടതാണ്. ആയതിന് സ.ഉ(സാധാ)519/2019/തസ്വഭവ തീയതി 07.03.2019 പ്രകാരം മാർഗ്ഗരേഖയും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 29.04.19, 19.07.19, 27.08.19, 16.01.20, 27.02.20 എന്നീ തീയതികളിൽ ചേർന്ന അവലോകന യോഗങ്ങളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ മാത്രമാണ് ചർച്ചയായിട്ടുള്ളത്. എല്ലാ മാസവും യോഗങ്ങൾ ചേരേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

5. വിഭവ സമാഹരണം

ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടത്തുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. പണമായോ സാധന സാമഗ്രികളായോ സംഭാവന സ്വീകരിക്കുന്നതിന് രശീതി തയ്യാറാക്കുകയോ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയോ ചെയ്തിട്ടില്ല.

6. മോണിട്ടറിംഗ്

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവരുടെ യോഗങ്ങളിൽ ഒരു അജണ്ടയായ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ ചർച്ചചെയ്യണമെന്നും ഭരണ സമിതി വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും അതിനനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/15.07.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>നിർദ്ദേശങ്ങൾ</u>

1. വാർഡ് സമിതികൾ രൂപീകരിക്കുകയും അവലോകന യോഗങ്ങൾ ചേരുകയും ചെയ്യേണ്ടതാണ്. സബ് സെന്റർ തലത്തിലും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.
2. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.
3. ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും ആരോഗ്യ അവലോകന യോഗങ്ങൾ കൂടേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.
4. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണ സമിതിയും ക്രിയാത്മകമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

### <u>2-1 ഘടനാപരമായി മാറ്റം വന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി പുറപ്പെടുവിച്ച 27.04.2015 ലെ സ.ഉ(എം.എസ്) നം.144/2015/തസ്വഭവ ഉത്തരവിൽ ഒരു കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച ശേഷം കൂട്ടിച്ചേർക്കൽ ഉണ്ടായിട്ടുണ്ടെങ്കിൽ അപ്രകാരം കൂട്ടിച്ചേർത്ത ഭാഗത്തിന് പുതിയ നിരക്കിലുള്ള നികുതിയാണ് ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ(എം.എസ്) നം.358/2015/തസ്വഭവ തീയതി 16.12.2015 പ്രകാരം മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണവും സർക്കാർ നൽകിയിരുന്നു. 2019-20 വർഷത്തിൽ ഘടനാപരമായ മാറ്റം വന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച.മീറ്ററിന് 60 രൂപയുമാണ് വടവന്നൂർ ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ ഘടനാപരമായി 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം മാറ്റം വന്നിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് 100 ച.മീറ്റർ വരെ

തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം ഉണ്ടാവുന്നു.

എ) കെട്ടിട നം : 7/268

കെട്ടിട ഉടമയുടെ പേരും വിലാസവും : മുഹമ്മദ് ഹനീഫ, സ്കോഡ സാമിൽ, ഊട്ടറ, വടവന്നൂർ.

ഘടനാപരമായ മാറ്റത്തിന് ശേഷം ആകെ വിസ്തീർണ്ണം : 195 ച.മീ

ഘടനാപരമായ മാറ്റം വന്ന കെട്ടിട ഭാഗത്തിന്റെ വിസ്തീർണ്ണം : 183 ച.മീ

മാറ്റം വരുന്നതിന് മുൻപുണ്ടായിരുന്ന വസ്തുനികുതി : 54 രൂപ
സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്ത തിയതി – 2-5-2019

| | |
|---|---|
| ഘടനാപരമായ മാറ്റത്തിന് ശേഷം നിർണ്ണയിച്ച വസ്തുനികുതി | 183*40 = 7320<br>വർദ്ധനവ്- 20 % = 1464<br>ഇളവ്- 10 % = 732<br>ആകെ (7320+1464-732) = 8052<br>മാറ്റം വന്ന ഭാഗത്തിന്റെ അടിസ്ഥാന വസ്തുനികുതി= 8052 രൂപ<br>മാറ്റം വരാത്ത ഭാഗത്തിന്റെ വസ്തുനികുതി=<br>പഴയ നികുതിയുടെ 100 ശതമാനം ആയി വർദ്ധനവ് പരിമിതപ്പെടുത്തുന്നത്- 54*2=108<br>ആകെ =8052+108 =8160<br>BT = 8160<br>LC= 408<br>Total= 8568 |
| യഥാർത്ഥത്തിൽ നിർണ്ണയി ക്കേണ്ടിയിരുന്ന വസ്തുനികുതി | 183*60 = 10980<br>വർദ്ധനവ്- 20 % = 2196<br>ഇളവ്- 10 % = 1098<br>ആകെ(10980+2196-1098) = 12078<br>മാറ്റം വന്ന ഭാഗത്തിന്റെ അടിസ്ഥാന വസ്തുനികുതി= 12078 രൂപ<br>മാറ്റം വരാത്ത ഭാഗത്തിന്റെ വസ്തുനികുതി=<br>പഴയ നികുതിയുടെ 100 ശതമാനം ആയി വർദ്ധനവ് പരിമിതപ്പെടുത്തുന്നത്- 54*2=108<br>ആകെ =12078+108 =12186<br>BT =12186<br>LC=610<br>Total= 12796 |
| കുറവ് | 4228 രൂപ |

ബി) കെട്ടിട നം : 7/270

കെട്ടിട ഉടമയുടെ പേരും വിലാസവും : റാബിയാമ്മ W/O അബ്ദുൾ റഹ്മാൻ, സ്കോഡ സാ മിൽ, ഊട്ടറ, വടവന്നൂർ.

ഘടനാപരമായ മാറ്റത്തിന് ശേഷം ആകെ വിസ്തീർണ്ണം : 150 ച.മീ

ഘടനാപരമായ മാറ്റം വന്ന വിസ്തീർണ്ണം : 135.76 ച.മീ

മാറ്റം വരുന്നതിന് മുൻപുണ്ടായിരുന്ന വസ്തുനികുതി : 107 രൂപ
സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്ത തിയതി – 6-4-2019

| | |
|---|---|
| ഘടനാപരമായ മാറ്റത്തിന് ശേഷം നിർണ്ണയിച്ച വസ്തുനികുതി | 135.76*40 = 5431<br>വർദ്ധനവ്- 20 % = 1087<br>ഇളവ്- 10 % = 543<br>ആകെ(5410+1087-543)=5974<br>മാറ്റം വന്ന ഭാഗത്തിന്റെ അടിസ്ഥാന വസ്തുനികുതി= പഴയ നികുതിയുടെ 100 ശതമാനം ആയി വർദ്ധനവ് പരിമിതപ്പെടുത്തുന്നത്-107*2=214<br>ആകെ=5974+214 =6188<br>BT=6188<br>LC=310<br>Total=6498 |
| യഥാർത്ഥത്തിൽ നിർണ്ണയി ക്കേണ്ടിയിരുന്ന വസ്തുനികുതി | 135.76*60 = 8146<br>വർദ്ധനവ്- 20 % = 1629<br>ഇളവ്- 10 % = 815<br>ആകെ(8146+1629-815)=8961<br>മാറ്റം വന്ന ഭാഗത്തിന്റെ അടിസ്ഥാന വസ്തുനികുതി= പഴയ നികുതിയുടെ 100 ശതമാനം ആയി വർദ്ധനവ് പരിമിതപ്പെടുത്തുന്നത്-107*2=214<br>ആകെ =8961+214 =9175<br>BT=9175<br>LC=459<br>Total=9634 |
| കുറവ് | 3136 രൂപ |

മേൽപ്പറഞ്ഞ 2 കെട്ടിടങ്ങളുടെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതുമൂലം 4228+3136 = 7364 രൂപ റവന്യൂ നഷ്ടം ഉണ്ടായിട്ടുണ്ട്.

തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചത് ക്രമീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും നഷ്ടം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മരാമത്ത് പ്രവൃത്തിയുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

PWD മാന്വൽ, 2012 ലെ ഖണ്ഡിക 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾ ക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | 195/20-തുമ്പിളാംപൊറ്റ ചെന്നിയംപള്ളം അരിക് സംരക്ഷണം<br>അടങ്കൽ - 620000<br>ടെണ്ടർ തുക - 538650<br>കരാറുകാരൻ- ശ്രീ.നാരായണൻ.വി<br>എഗ്രിമെന്റ് നം.:61/5-2-2020 | 27-12-2019<br>തീരുമാനം. നം. 2 | 10-1-2020 | 5-2-2020 | 5387 |
| 2 | 71/20- വാട്ടയാർ പല്ലൂർപാടം റോഡ് മെറ്റലിംഗ്-ടാറിംഗ്<br>അടങ്കൽ - 520000<br>ടെണ്ടർ തുക - 433775<br>കരാറുകാരൻ- ശ്രീ.നാരായണൻ.വി<br>എഗ്രിമെന്റ് നം.:62/15-2-2020 | 27-12-2019<br>തീരുമാനം. നം. 2 | 10-1-2020 | 15-2-2020 | 4338 |
| 3 | 70/20- മരുതംപാടം റോഡ് മെറ്റലിംഗ്-ടാറിംഗ്<br>അടങ്കൽ - 520000<br>ടെണ്ടർ തുക - 463526<br>കരാറുകാരൻ- ശ്രീ.നാരായണൻ.വി<br>എഗ്രിമെന്റ് നം.:63/15-2-2020 | 27-12-2019<br>തീരുമാനം. നം. 2 | 10-1-2020 | 15-2-2020 | 4635 |
| 4 | 197/20-മുഴവൂർകാവ്-മുരിക്കിൻകാട് റോഡ് മെറ്റലിംഗ്-ടാറിംഗ്<br>അടങ്കൽ - 560000<br>ടെണ്ടർ തുക - 499521<br>കരാറുകാരൻ- ശ്രീ.രമേഷ്.കെ<br>എഗ്രിമെന്റ് നം.:64/15-2-2020 | 27-12-2019<br>തീരുമാനം. നം. 2 | 10-1-2020 | 15-2-2020 | 4995 |
| 5 | 88/20-ചമ്പക്കുളം റോഡ് മെറ്റലിംഗ്-ടാറിംഗ്<br>അടങ്കൽ - 570000<br>ടെണ്ടർ തുക - 508714 | 27-12-2019<br>തീരുമാനം. നം. 2 | 10-1-2020 | 15-2-2020 | 5087 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ-ശ്രീ.കലാധരൻ.വി<br>എഗ്രിമെന്റ് നം.:65/15-2-2020 | | | | |
| 6 | 221/20-കാരപ്പറമ്പ് പോക്കറ്റ് റോഡ് നവീകരണം<br>അടങ്കൽ - 809000<br>ടെണ്ടർ തുക - 721707<br>കരാറുകാരൻ-ശ്രീ.രമേന്ദ്രൻ.കെ<br>എഗ്രിമെന്റ് നം.:66/15-2-2020 | 27-12-2019 തീരുമാനം. നം. 2 | 10-1-2020 | 15-2-2020 | 7217 |
| 7 | 110/20-പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് വാൾ നിർമ്മാണം<br>അടങ്കൽ - 900000<br>ടെണ്ടർ തുക - 760967<br>കരാറുകാരൻ-ശ്രീ.കെ.ബി.കൊച്ചുകുമാർ<br>എഗ്രിമെന്റ് നം.:67/15-2-2020 | 27-12-2019 തീരുമാനം. നം. 2 | 10-1-2020 | 15-2-2020 | 7610 |
| 8 | 53/20-മുല്ലക്കൽകുളമ്പ്-വടവന്നൂർ റോഡ് റീടാറിംഗ്<br>അടങ്കൽ - 485000<br>ടെണ്ടർ തുക - 485000<br>കരാറുകാരൻ-ശ്രീ.കലാധരൻ.വി<br>എഗ്രിമെന്റ് നം.:68/15-2-2020 | 27-12-2019 തീരുമാനം. നം. 2 | 10-1-2020 | 15-2-2020 | 4850 |
| | | | | ആകെ | 44119 |

എഗ്രിമെന്റ് വെക്കുന്നതിലുണ്ടായ കാലതാമസം കാരണം പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല.

ഭരണസമിതി തീരുമാനം ലഭിക്കുവാൻ വൈകിയതിനാലും സകർമ്മയിൽ ലഭ്യമല്ലാതിരുന്നതിനാലുമാണ് എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതെന്ന് ഓഡിറ്റ് അന്വേഷണം നം. 15/17-7-2020 നുള്ള മറുപടി നൽകിയിട്ടുണ്ട്. 27-12-2019 ന് ഭരണസമിതി അംഗീകരിച്ച തീരുമാനം നിർവ്വഹണ ഉദ്യോഗസ്ഥൻ അറിഞ്ഞില്ല എന്ന മറുപടി അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

നിയമാനുസൃത സമയപരിധി കഴിഞ്ഞിട്ടും ഫൈൻ ഈടാക്കാതെ എഗ്രിമെന്റ് വെച്ചതിനാൽ ഉണ്ടായ നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു വയ്ക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-2 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ മതിയായ പിഴ ഈടാക്കിയില്ല

2012 ലെ പി.ഡബ്ള്യ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ

കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും എഞ്ചിനിയർ പരിശോധിക്കേണ്ടതുമാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന കരാറുകാർക്ക് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണെന്ന് കണ്ടെത്തി.

| പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|
| 1. 37/19 -ഉമ്പളാംപൊറ്റ എസ്.സി കോളനി റോഡ് മെറ്റലിംഗ് & ടാറിംഗ്<br>അടങ്കൽ - 4.9 ലക്ഷം<br>PAC-4.9 ലക്ഷം<br>കരാറുകാരൻ - ശ്രീ.അനന്തകൃഷ്ണൻ.എം<br>എഗ്രിമെന്റ് നം.:49/7-9-18<br>അളവു പുസ്തകം - 49/18-19<br>കരാർ സംഖ്യ-4.9 ലക്ഷം<br>ചെലവ് - 490000 (ബിൽ നം.26/16-7-19 – 200000, ബിൽ നം.27/16-7-19 – 130000 & ബിൽ നം.28/7-9-19 – 160000)<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. .എഞ്ചിനിയർ | 6-3-2019 | 21-6-2019 | 4900 | 14700 (3%) | 9800 |
| 2. 179/20 -വെറ്ററിനറി | 6-3-19 | 21-6-19 | 0 | 3000 | 3000 |

| | | | | | |
|---|---|---|---|---|---|
| ആശുപത്രി നവീകരണം<br>അടങ്കൽ - 1 ലക്ഷം<br>PAC-1 ലക്ഷം<br>കരാറുകാരൻ - ശ്രീ.വേലായുധൻ.എ<br>എഗ്രിമെന്റ് നം.:39/7-9-18<br>അളവു പുസ്തകം - 29/18-19<br>കരാർ സംഖ്യ-1 ലക്ഷം<br>ചെലവ് - 99906 (ബിൽ നം.25/16-7-19)<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. .എഞ്ചിനിയർ | | | | | |
| ആകെ | | | | | 12800 |

ഓഡിറ്റ് അന്വേഷണം നം. 15/17-7-2020 നുള്ള മറുപടിയിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012ലെ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ലോക്സഭാ ഇലക്ഷൻ - വാഹന വാടക നല്കിയത് അംഗീകരിക്കുന്നില്ല

ബിൽ നമ്പർ-908/114/23.5.19=2500

തനത് ഫണ്ട് വൗച്ചർ നമ്പർ-21900119

ചെക്ക് നമ്പർ-610530/23.5.19

2019 ലോകസഭ ഇലക്ഷനോടനുബന്ധിച്ച് 23.4.19 ന് രാവിലെ 7 മണിമുതൽ ഉച്ചക്ക് 2 മണിവരെ ഭിന്നശേഷിക്കാരായ വോട്ടർമാർക്ക് വോട്ട് ചെയ്യുന്നതിന് വാഹനം ഉപയോഗിച്ച വകയിൽ വാടക ഇനത്തിൽ 2500/- രൂപ ശ്രീമതി. സിനിമോൾ, ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് തനത് ഫണ്ടിൽ നിന്നും നല്കിയിട്ടുണ്ട്. പ്രസ്തുത ചെലവിന് ആധാരമായ ഉത്തരവുകളോ സർക്കുലറുകളോ ഉണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/13.7.20) പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.4.2019 ലെ എ4-1865/19 നമ്പർ കത്ത് ഹാജരാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ളതും പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്കായി വാടകയ്ക്ക് എടുത്തിട്ടുള്ളതുമായ വാഹനങ്ങൾ ഡ്രൈവർമാർ സഹിതം ജില്ലാ സാമൂഹ്യനീതി ആഫീസറുടെ 12.4.2019 ലെ എ/954/2019 നമ്പർ കത്തിൽ ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങളോടെ 23.4.2019 ന് രാവിലെ 7 മണി മുതൽ പ്രസ്തുത ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ വിട്ടുനല്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. പാലിയേറ്റീവ് കെയർ യൂണിറ്റിലെ വാഹനങ്ങൾ അടിയന്തിരസാഹചര്യത്തിൽ രോഗികളുടെ പരിചരണത്തിന് വേണ്ടി ഉപയോഗിക്കുന്നതിനാലാണ് വാടകയ്ക്ക് വാഹനം എടുത്തതും ആയതിനുള്ള തുക നല്കിയതെന്നും സൂചിപ്പിച്ചിരിക്കുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശത്തിന് വിരുദ്ധമായി ലോകസഭാ ഇലക്ഷൻ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വാഹന വാടക ഇനത്തിൽ ചെലവ് ചെയ്ത നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചെലവ് തുക

ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 6.07.2020 | കെ.എസ്.എ-പി.കെ.ഡി 21/891/2020 തിയതി -04.09.2020 |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 600000 | ഭവന നിർമ്മാണ യൂണിറ്റ് | 0 | 600000 |
| | 2018-19 | 2692 | സമൃദ്ധി | 2692 | 0 |
| | 2019-20 | 1739518 | സമൃദ്ധി | 1739518 | 0 |
| | 2018-19 | 61293 | ലൈഫ്-ജനറൽ | 61293 | 0 |
| | 2019-20 | 1198109 | ലൈഫ്-ജനറൽ | 748310 | 449799 |
| | 2018-19 | 21343 | പാലിയേറ്റീവ് | 21343 | 0 |
| | 2019-20 | 377778 | പാലിയേറ്റീവ് | 88797 | 288981 |
| | 2019-20 | 244910 | കട്ടിൽ വാങ്ങൽ | 244910 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 587516 | ലൈഫ് മിഷൻ | 587516 | 0 |
| | 2019-20 | 1006015 | ലൈഫ് മിഷൻ | 522881 | 483134 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|

| | | നമ്പർ | തുക | |
|---|---|---|---|---|
| | 119/20-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 5/29-6-19 | 291649 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| | 202/20-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 60/20-2-20 | 40000 | |
| | 204/20-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 44/20-1-20 | 53454 | |
| | 126/20-പോസ്റ്റ് മാറ്റൽ | 6/29-6-19 | 15723 | |
| | 231/20-പോസ്റ്റ് മാറ്റൽ | 73/17-3-20 | 14020 | |
| | 233/20-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 74/17-3-20 | 5339 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്- KURDFC Loan | KURDFC | 19565280 | 19565280 | 1073530 | 0 | 18491750 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. നം. 1-14 (ഡി), (ഇ) ഖണ്ഡികകളുടെ പരാമർശ പ്രകാരം 15500 രൂപ ഗ്രാമപഞ്ചായത്ത് തുടർനടപടികളുടെ ഭാഗമായി വിവിധ ലൈസൻസികളിൽ നിന്നും

ഈടാക്കിയത് വാർഷിക കണക്കിൽ ഓഡിറ്റ് റിക്കവറി എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് യഥാർത്ഥ ഓഡിറ്റ് റിക്കവറി തുക അല്ലാത്തതിനാൽ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളൊന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

### 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 6949154 |
| ഓഡിറ്റ് വർഷത്തെ വരവ് | 64003460 |
| ആകെ | 70952614 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 62227437 |
| നീക്കിയിരിപ്പ് | 8725177 |
| വരവിനങ്ങളിലുള്ള നഷ്ടം | 7364 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 59419 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1026900 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(എ) | 4228 | - | ശ്രീ.ഉണ്ണികൃഷ്ണൻപിള്ള.പി.ആർ, സെക്രട്ടറി |
| 2-1(ബി) | 3136 | - | ശ്രീമതി.മഞ്ജു.എസ്, അസി. സെക്രട്ടറി |
| 3-1 | - | 44119 (Fine) | ശ്രീമതി.ഷമിത.പി, അസി.എഞ്ചിനിയർ |
| 3-2 | - | 12800 (Fine) | ശ്രീ.വൈ.ഷെരീഫ്, അസി.എഞ്ചിനിയർ |
| 3-3 | - | 2500 | ശ്രീ.ഉണ്ണികൃഷ്ണൻപിള്ള.പി.ആർ, സെക്രട്ടറി |
| ആകെ | 7364 | 59419 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1026900 | ശ്രീ.ഉണ്ണികൃഷ്ണൻപിള്ള.പി.ആർ, |

| | | |
|---|---|---|
| | | സെക്രട്ടറി |

ഭാഗം-1 ലെ ഖണ്ഡികകൾ പ്രകാരമുള്ള നഷ്ടം

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഉണ്ണികൃഷ്ണൻപിള്ള.പി.ആർ, സെക്രട്ടറി | സെക്രട്ടറി, പാലമേൽ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | പണിക്കരേത്ത്, വരവിള(പി.ഒ), തിരുവനന്തപുരം-690528 |
| ശ്രീമതി.മഞ്ജു.എസ്, അസി. സെക്രട്ടറി | അസി. സെക്രട്ടറി, വേളൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം | മാളിയേക്കൽ ഭവൻ, കുടമാളൂർ(പി.ഒ), കോട്ടയം-686017 |
| ശ്രീമതി.ഷമിത.പി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, ആലത്തൂർ ഗ്രാമപഞ്ചായത്ത് | കൃഷ്ണപ്രഭ, കറുകമണി, മൂച്ചിക്കാട്, പനയൂർ(പി.ഒ), പാലക്കാട്-679522 |
| ശ്രീ.വൈ.ഷെരീഫ്, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | ബിസ്മി നഗർ, നണ്ടൻകിഴായ, ആനമാറി(പി.ഒ), പാലക്കാട്-678506 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം., തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1996-97 | എൽ.എഫ്.പി.8/ 277/98 തീയതി 14-7-18 | 5 |
| 1997-98 | എൽ.എഫ്.പി.10/143/2000/ തീയതി 17.08.2000 | 9 |
| 1998-99 | എൽ.എഫ്.പി.5/144/2000 തീയതി 9.09.2000 | 11 |

| | | |
|---|---|---|
| 1999-2000 | എൽ.എഫ്.പി. 8/655/01 തീയതി 14.08.2001 | 5 |
| 2000-01 | എൽ.എഫ്.പി. 13/01/04 തീയതി 12.01.2004 | 9 |
| 2001-02 | എൽ.എഫ്.പി. 14/682/2004 തീയതി | മുഴവൻ |
| 2002-03 | എൽ.എഫ്.പി.8/419/05 തീയതി 12.09.2006 | 0 |
| 2003-04 | എൽ.എഫ്.പി.9-1096/06 തീയതി 27.03.2007 | 20 |
| 2004-05 | എൽ.എഫ്.പി.9-1097/06 തീയതി 11.05.2007 | 19 |
| 2005-06 | എൽ.എഫ്.പി.9/1098/06 തീയതി 16.05.2007 | 10 |
| 2006-07 | എൽ.എഫ്.പി.9/141/09 തീയതി 13.11.2009 | 1 |
| 2007-08 | എൽ.എഫ്.പി.9/142/09 തീയതി 13.11.2009 | 7 |
| 2008-09 | എൽ.എഫ്.പി.19/597/2011 തീയതി 8.02.2012 | 5 |
| 2009-10 | എൽ.എഫ്.പി.19/598/2011 തീയതി 8.02.2012 | 9 |
| 2010-11 | എൽ.എഫ്.പി. 19/257/11 തീയതി 27.03.13 | 11 |
| 2011-12 | എൽ.എഫ്.പി.19/387/14 തീയതി 05.05.14 | 12 |
| 2012-13<br>2013-14 | എൽ.എഫ്.പി.19/1402/15 തീയതി 14.01.16 | 23 |
| 2014-15 | എൽ.എഫ്.പി.19/1086/16 തീയതി 16.07.18 | 11 |
| 2015-16 | എൽ.എഫ്.പി.19/88/2017 തീയതി 11.01.17 | 15 |
| 2016-17 | എൽ.എഫ്.പി.19/1939/2017 തീയതി 8.11.17 | 17 |
| 2017-18 | കെ.എസ്.എ-പികെഡി-19/2029/18 തിയതി 4-10-2018 | 29 |
| 2018-19 | കെ.എസ്.എ-പികെഡി-19/1557/19 തിയതി 30-1-2020 | 33 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ വടവന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വടവന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

# COPY OF RECEIPT & PAYMENT STATEMENT-ABSTRACT

Vadavannur Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6949154.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 671062.00 |
| 130000000 | Rental income from Panchayat Properties | RP-3 | 539000.00 |
| 140000000 | Fees & User Charges | RP-4 | 280007.00 |
| 150000000 | Sale & Hire Charges | RP-5 | 117112.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 36194120.00 |
| 171000000 | Interest Earned | RP-9 | 34853.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 15209016.00 |
| 340000000 | Deposits Received | RP-34 | 9596.00 |
| 350000000 | Other Liabilities | RP-36 | 314012.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 18090.00 |
| 330000000 | Secured Loans | RP-32 | 7920000.00 |
| 340000000 | Deposits Received | RP-34 | 82378.00 |
| 350000000 | Other Liabilities | RP-36 | 251911.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1976106.00 |
| 460000000 | Loans, Advances and Deposits | RP-47 | 386197.00 |
| | Grand total | | 70952614.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2499172.00 |
| 220000000 | Administrative Expenses | RP-12 | 885940.00 |
| 230000000 | Operations & Maintenance | RP-13 | 1222917.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5074166.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12028658.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2479409.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1544727.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 90000.00 |
| 255000000 | Maintenance Projects | RP-20 | 3008032.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 13610.00 |
| 280000000 | Prior Period item | RP-26 | 40022.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11760434.00 |
| 350000000 | Other Liabilities | RP-36 | 3952942.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1591.00 |
| 280000000 | Prior Period Item | RP-26 | -5310.00 |
| 340000000 | Deposits Received | RP-34 | 202497.00 |
| 350000000 | Other Liabilities | RP-36 | 1560653.00 |
| 410000000 | Fixed Assets | RP-38 | 4217337.00 |
| 412000000 | Capital work in Progress | RP-40 | 3275398.00 |
| 440000000 | Pre-paid Expenses | RP-45 | 7920000.00 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 455242.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 8685556.00 |
| Cash | Cash | RP-40(b) | 39621.00 |
| | Grand Total | | 70952614.00 |

sd/-

Secretary

Counter signed

Deputy Director

## അനുബന്ധം-4

## COPY OF BALANCE SHEET AS ON 31.03.2020-ABSTRACT

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 14592841.95 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 59501373.00 |
| | Total Reserve & Surplus | | 74094214.95 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4868933.00 |
| | Total Grants, Contributions for Specific Purposes | | 4868933.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 18491750.00 |
| | Total Loans | | 18491750.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 229533.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1088019.05 |
| | Total Current Liabilities and Provisions | | 1317552.05 |
| | TOTAL LIABILITIES | | 98772450.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 71142119.00 |
| 411000000 | Accumulated Depreciation | B-11 | -613180.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 70528939.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 432872.00 |
| 440000000 | Pre-paid Expenses | B-16 | 18491750.00 |
| 450000000 | Cash and Bank Balance | B-17 | 8725177.00 |
| 460000000 | Loans, Advances and Deposits | B-18 | 593712.00 |
| | Total Current Assets, Loans and Advances | | 28243511.00 |

| | | |
|---|---|---|
| | | Other Assets |
| | | Miscellaneous Expenditure (To the Extent not written off) |
| | TOTAL ASSETS | 98772450.00 |

sd/-
Secretary

Counter signed

Deputy Director

## അനുബന്ധം-5

# COPY OF INCOME & EXPENDITURE STATEMENT-ABSTRACT

Vadavannur Grama Panchayat INCOME & EXPENDITURE STATEMENT

| For the period from 01-April-2019 to 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2698086.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 539000.00 |
| 140000000 | Fee & User Charges | I-4(b) | 714107.00 |
| 150000000 | Sale & Hire Charges | I-5(b) | 117112.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 69894356.00 |
| 171000000 | Interest Earned | I-8 | 34853.00 |
| 180000000 | Other Income | I-9 | 18090.00 |
| | Total Income | | 74015604.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7933734.00 |
| 220000000 | Administrative Expenses | I-11(b) | 890066.00 |
| 230000000 | Operations & Maintenance | I-12(b) | 1225438.00 |
| 240000000 | Interest & Finance Charges | I-13 | 1591.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5074166.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 34518731.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2479409.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1544727.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 15373700.00 |
| 255000000 | Maintenance Projects | I-14(e) | 3008032.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 13610.00 |
| | Total Expenditure | | 72063204.00 |
| | Gross Surplus/ Deficit of income over Expenditure | | 1952400.00 |
| 280000000 | Prior Period Item | I-18 | 204313.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1748087.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Sd/-
Secretary
Vadavannur Grama Panchayath

Counter signed

Deputy Director